# അൽ ഹഖ്

AHMADIYYA NEWS BULLETTIN

LOVE FOR ALL HATRED FOR NONE

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ജൂൺ 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ: ഖിലാഫത്ത് ജൂബിലി– ഒരു അസുലഭ മുഹൂർത്തം: ഖാരി നവാബ് സാഹിബ്



അഞ്ചാം പേജിൽ: പ്രകാശം പരത്തുന്ന ജീവിതങ്ങൾ (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ) ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ്(റ)



അഞ്ചാം പേജിൽ: നബിതിരുമേനി(സ)യുടെ ഖലീഫമാർ ഇബ്നു മുഹമ്മദ്


ഏഴാം പേജിൽ: പിന്നിട്ട നാളുകൾ ഹിദായത്തുല്ലാഖാൻ സഖാഫി




# പലിശ സമ്പ്രദായം സമാധാനം നശിപ്പിക്കുന്നു

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

സമൂഹത്തിലെ വഴക്കുകളും ലഹളകളും അവസാനിപ്പിക്കുന്നതിനും സമാധാനവും ശാന്തിയും ഐക്യവും സന്തോഷവും പരത്തുന്നതിനുമായി സാമ്പത്തികമായ കൊടുക്കൽ വാങ്ങലിന്റെ ഉടമ്പടികളേയും വാണിജ്യപരമായ ഉടമ്പടികളേയും അല്ലെങ്കിൽ കടം തുടങ്ങിയവ കൊടുക്കുകയും വാങ്ങുകയും ചെയ്യുമ്പോൾ അതെങ്ങനെയായിരിക്കണം എന്നതിനെക്കുറിച്ചും ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നതെന്താണ്? സമൂഹത്തിൽ കലഹങ്ങൾ ഉണ്ടാകുന്നതിന് കാരണമാകുന്ന ഒരു കാര്യമാണ് പലിശ. അല്ലാഹു പലിശയെ കഠിനതരമായി നിരോധിച്ചിരിക്കുന്നു. ഇതുസംബന്ധമായി ഖുർആനിക കല്പനകൾ



എന്താണെന്ന് നാം നോക്കേണ്ടതാണ്. അല്ലാഹുതആല പലിശ വാങ്ങുന്നവരെ താനുമായി യുദ്ധം ചെയ്യുന്നവരാണെന്ന് പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ഇതൊരു നിസ്സാര കാര്യമല്ല. അല്ലാഹുവിന് എല്ലാതരം ഉപദ്രവങ്ങളിൽനിന്നും തന്റെ സൃഷ്ടികൾ രക്ഷപ്പെട്ടിരിക്കുന്നതും സമാധാനത്തോടെയിരിക്കുന്നതും സമാധാനം പരത്തുന്നതും വളരെയേറെ ഇഷ്ടമാണ്. പലിശ വാങ്ങുന്നവരുടെ കൈയിൽ കുടുങ്ങി, നല്ലവനും മാന്യനുമായ സമ്പന്നൻ ഭ്രാന്തനായിത്തീരുന്ന ഭയാനകമായ കാഴ്ചയാണ് ചില ഘട്ടങ്ങളിൽ വെളിയിൽ വരുന്നത്. സുഖസമൃദ്ധമായ നിലയിൽ ജീവിച്ചിരുന്ന കുടുംബം നിരാശയ്ക്കും അവഗണനയ്ക്കും ഇരയായിത്തീരുന്നു. പിന്നീട് അവരുടെ മക്കളും അങ്ങേയറ്റം വിഷമസന്ധിയിൽ കഴിയേണ്ടിവരുന്നു. മുസ്‌ലിംകളുടെ വീടുകളിൽ ഇതെല്ലാം ഉണ്ടാകുന്നത് 'ചെയ്യരുത്' എന്ന് അല്ലാഹു വിലക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതുകൊണ്ടാണ്. ചിലപ്പോൾ ഈ പലിശപ്പണം നിസ്സാരവും അനാവശ്യവുമായ ചെലവുകൾക്കായിട്ടായിരിക്കും വാങ്ങുന്നത്. പലിശ തിന്നുന്നവർക്ക് അല്ലാഹു വാർണിംഗ് നല്കിയിരിക്കുന്നു; ആവശ്യക്കാരേയും നിർബന്ധിതരായവരേയും ചൂഷണം ചെയ്യരുതെന്ന്. അതിനോടൊപ്പം അനാവശ്യമായി കടങ്ങളിൽപെട്ട് നിങ്ങളുടേയും നിങ്ങളുടെ വീട്ടുകാരുടേയും ശാന്തിയും സമാധാനവും കെടുത്തരുതെന്ന് പറഞ്ഞ് കടം വാങ്ങുന്നവർക്കും വാർണിംഗ് നല്കിയിരിക്കുന്നു.

ചിലയാളുകൾ ലണ്ടനിൽ വരുന്നു. പലിശയുടെമേൽ പലിശയ്ക്ക് പണം കടമെടുത്തുകൊണ്ടാണ് വരുന്നത്. സദുദ്ദേശ്യത്തോടെ ജൽസയിൽ പങ്കെടുക്കുന്നതിനായിട്ടാണ്


*(ശേഷം 2-ാം പേജിൽ)*


# മൗലവി അയ്യൂബ് സാഹിബിന് സ്വീകരണം



**കോഴിക്കോട്:** കേരള ചീഫ്മിഷനറിയായി നിയമിതനായ മൗലവി മുഹമ്മദ് അയ്യൂബ് സാഹിബിന് കോഴിക്കോട് ജമാഅത്ത് സ്വീകരണം നല്കി. 10.6.07 -ന് ഞായറാഴ്ച അസ്റിനു ശേഷം ബയ്ത്തുൽ ഖുദ്ദൂസിൽ ചേർന്ന സ്വീകരണ യോഗത്തിൽ കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ് അധ്യക്ഷത വഹിച്ചു. ജനാബ് ഇമ്പിച്ചികോയട്ടി സാഹിബ്, സത്യദൂതൻ പത്രാധിപർ എ.എം. സലീം സാഹിബ് തുടങ്ങിയവർ ആശംസകൾ നേർന്നു. കേരളത്തിലെ ആദ്യത്തെ മുബല്ലിഗ് ഇൻചാർജ് മർഹൂം മൗലാനാ അബ്ദുല്ലാ സാഹിബ്, മർഹൂം മൗലാനാ അബുൽവഫാ സാഹിബ്,


*(ശേഷം 3-ാം പേജിൽ)*


# ബംഗ്ലാദേശിലെ പുതിയ നീക്കങ്ങൾ

**അൽഹഖ് ന്യൂസ് ഡെസ്ക്**

**ധാക്ക:** കഴിഞ്ഞമാസം ധാക്കയിലും ഈയ്യിടെ ഹൈദരബാദിലെ മെക്കാ മസ്ജിദിലുമുണ്ടായ സ്ഫോടനങ്ങൾക്ക് പിറകിൽ നിരോധിത സംഘടനയായ ഹർക്കത്തുൽ ജിഹാദ് അൽ ഇസ്‌ലാമി– ബംഗ്ലാദേശ് ആണെന്ന് 'ദ പയനിയർ' റിപ്പോർട്ട് ചെയ്യുന്നു. ഈ ബംഗ്ലാദേശി സംഘടനയുടെ ലക്ഷ്യങ്ങളിലൊന്ന് ഹൈദരബാദ് ആണെന്ന് രണ്ടുമാസം മുന്നേതന്നെ പശ്ചിമബംഗാൾ ഗവർമ്മെന്റ് കേന്ദ്രഗവർമ്മെന്റിന് റിപ്പോർട്ട് നല്കിയിരുന്നു. സംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലായിരുന്നു ഇത്. ഈ സഹാചര്യത്തിൽ ഇസ്‌ലാമിക ഗ്രൂപ്പുകളെ കർശനമായി നേരിടുമെന്നുള്ള ബംഗ്ലാദേശിലെ കെയർടേക്കർഗവർമ്മെന്റിന്റെ വാദം വിശ്വസനീയമല്ലാതായിത്തീരുന്നു.

ബംഗ്ലാദേശിലെ ഇസ്‌ലാമിക ഭീകര പ്രസ്ഥാനങ്ങൾ ഇപ്പോൾ ഏറെ സജീവമാണ്. നിരോധിക്കപ്പെട്ട ജമാഅത്തുൽ മുജാഹിദേൻ ബംഗ്ലാദേശും ഇൻസാഫ്, അല്ലാർദൾ എന്നിങ്ങനെ ഇതര കക്ഷികളും ഇപ്പോൾ ഒന്നിച്ചാണ് പ്രവർത്തനം. ഈ പുതിയ സംഘടനയുടെ പേര് രഹസ്യാന്വേഷണ വിഭാഗങ്ങളെ ആശയകുഴപ്പത്തിലാക്കുന്നതിനായി ഇടയ്ക്കിടെ മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതേ കാരണത്താൽതന്നെ ഐ.എം.ബി പ്രവർത്തകർ തങ്ങളുടെ ട്രേഡ്മാർക്കായ കൂർത്തയും പൈജാമയും താടിമീശകളും ഒഴിവാക്കിയിരിക്കുകയാണ്.

മെയ് ഒന്നിനാണ് ധാക്കയിലും (കമൽപൂർ) ചിറ്റഗോങ്ങിലും, സിൽഹറ്റിലും റെയിൽവേസ്റ്റേഷനുകളിൽ ബോംബ് സ്ഫോടനം നടന്നത്. സ്ഫോടനം നടന്ന സ്ഥലങ്ങളിൽനിന്ന് കണ്ടെടുത്ത അലൂമിനിയം പ്ലേറ്റുകളിൽ ഗവർമ്മെന്റിതര സംഘടനകൾക്കും അഹ്മദികൾക്കുമെതിരെയുള്ള ഭീഷണിയാണ് കാണപ്പെട്ടത്. ജദീദ് അൽഖയ്ദ എന്ന പേരിലാണ് ഈ കുറിപ്പുകൾ. ഇതിൽ എൻ.ജി.ഒകളോട് മെയ് 10-നകം തങ്ങളുടെ ജോലിയിൽനിന്ന് പിന്മാറാനാണ് ആവശ്യപ്പെട്ടത്. അഹ്മദികളോടാവട്ടെ മുഹമ്മദിനെ(സ) വിശ്വസിക്കാനോ അല്ലെങ്കിൽ മരിക്കാനോ തയ്യാറാവാനാണ് കല്പന. ജദീദ് അൽഖയ്ദ എന്നത് പുതിയ ഭീകര സംഘടനയുടെ പേരാകാമെന്ന് കരുതപ്പെടുന്നു. എന്തായാലും സംഘടിതമായ ഒരു ചട്ടകൂട് ഈ സംഘടന ആർജ്ജിച്ചിട്ടുണ്ടെന്ന് കരുതേണ്ടതുണ്ട്. വിപുലമായ സ്ഫോടക വസ്തു ശേഖരവും, ആയുധങ്ങളും ഇക്കൂട്ടരുടെ പക്കലുണ്ട്.

അങ്ങനെ വരുമ്പോൾ ബംഗ്ലാദേശിലെ കെയർടേക്കർ ഗവർമ്മെന്റിന്റെ നീക്കങ്ങൾ സംശയമുളവാക്കുന്നുണ്ട്. ബംഗ്ലാദേശിലെ ജമാഅത്തെ ഇസ്‌ലാമിയെ അകമഴിഞ്ഞ് പ്രോത്സാഹിപ്പിക്കുകയാണ് ഈ ഗവർമ്മെന്റ്. ജമാഅത്തെ ഇസ്‌ലാമിയുടെ ബംഗ്ലാദേശിലെ വിദ്യാർത്ഥി വിഭാഗമായ 'ഇസ്‌ലാമി ഛത്രശിബിർ' (ICB) ഭീകരവാദികളുടെ ഒരു ഇടത്താവളമായി മാറിക്കഴിഞ്ഞു. ഇന്ത്യയിലേക്കുള്ള ഭീകരവാദപ്രവർത്തനങ്ങളുടെ കേന്ദ്രവും ഇവർത്തന്നെയാണ്. വിദ്യാർത്ഥികൾക്കിടയിൽ അസഹിഷ്ണുത വളർത്തി മതവികാരത്തെ ഉന്മാദത്തോളമെത്തിച്ച് ഊർജ്ജം സംഭരിക്കുകയാണീ സംഘടന. അതീവദുഷ്കരമായ രീതിയിൽ വിദ്യാർത്ഥികളെ പരിശീലനം ചെയ്ത് തങ്ങളുടെ കേഡറുകളാക്കുന്ന രീതിയാണിത്. 2001 മുതൽ 2006 വരെ ബംഗ്ലാദേശില ജമാഅത്തെ ഇസ്‌ലാമി ബി.എൻ.പി. ഗവർമ്മെന്റിന്റെ ഭാഗമാ


*(3-ാം പേജിൽ)*


# പാക്കിസ്ഥാനിൽ ഇസ്‌ലാമിയ്യത്ത് 'കർശനമാകുന്നു'

**ഇസ്‌ലാമാബാദ്:** പാക്കിസ്ഥാനിലെ അമുസ്‌ലിം വിദ്യാർത്ഥികൾ 'ഇസ്‌ലാമിയ്യത്ത്' തങ്ങളുടെ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയതു കാരണം പ്രശ്നത്തിലാകുന്നു. അറബി ഭാഷ അറിയാത്ത അമുസ്‌ലിം വിദ്യാർത്ഥികൾ ഇതുകാരണം വിഷമത്തിലായി. പാക്കിസ്ഥാനിലെ ഡെയ്‌ലി ടൈംസ് റിപ്പോർട്ട് അനുസരിച്ച് പാക്കിസ്ഥാനിലെ ആയിരക്കണക്കിന് ഹിന്ദു-ക്രിസ്ത്യൻ വിദ്യാർത്ഥികൾ ഗവർമ്മെന്റ് സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

ഈ പ്രശ്നം കൂടുതൽ ബാധിക്കുന്നത് ഹിന്ദുന്യൂനപക്ഷങ്ങൾക്കാണ്. 57 വർഷം പിന്നിട്ട പാക്കിസ്ഥാനിലെ, ഹിന്ദുക്കളിൽ ഭൂരിഭാഗവും സിന്ധ്പ്രവിശ്യയിൽ പ്രത്യേകിച്ച് കറാ


*(ശേഷം 3-ാം പേജിൽ)*


# അഹ്മദി വ്യാപാരിയെ തട്ടിക്കൊണ്ടുപോയി

**ലക്കിമർവത്ത്:** ആയുധധാരികളായ 5 പേർ ഒരഹ്മദി വ്യാപാരിയെ തന്റെ കടയിൽനിന്ന് തട്ടിക്കൊണ്ടുപോയി. പ്രാദേശിക അഹ്മദിയ്യാ ജമാഅത്തിന്റെ തലവനായ സാഹിബ് സാദാ അയ്യൂബ് അഹ്മദിനെയാണ് സേരായ് നൗരംഗ് ടൗണിലെ കടയിൽ അതിക്രമിച്ചുകയറിയ ആയുധധാരികൾ കടത്തിയത്. സാഹിബ് സാദാ അയ്യൂബ് അഹ്മദിനെതിരെ താലിബാൻ ഭീഷണി നിലവിലുണ്ടായിരുന്നു. ഈ മേഖലയിലെ അഹ്മദികളോട് ഒന്നുകിൽ ഇസ്‌ലാം സ്വീകരിക്കാനോ അല്ലെങ്കിൽ സ്ഥലം വിടാനോ ആണ് തദ്ദേശീയരായ താലിബാൻ അനുകൂലികൾ കല്പിച്ചിരിക്കുന്നത്.

# ഖിലാഫത്ത് ദിനം ആചരിച്ചു

**പള്ളിപ്പുറം:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 27.5.07–ന് രാവിലെ 9 മുതൽ വൈകിട്ട് 9 വരെ ഏകദിന ഖിലാഫത്ത് അനുസ്മരണ പ്രഭാഷണങ്ങൾ നടത്തി. രാവിലെ മസ്ജിദിൽ ദുആയോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് 21 കവലകളിൽ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വയെ പരിചയപ്പെടുത്തി കൊണ്ട്, ജമാഅത്ത് പ്രസിഡന്റ് പി. മുഹമ്മദ്കുട്ടി ഹാജി സാഹിബ്, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ്, മൗലവി പി.കെ. മുഹമ്മദ് ശരീഫ് സാഹിബ്, മൗലവി ഹിദായത്തുല്ലാഹ് ഖാൻ സാഹിബ് സഖാഫി, മൗലവി സി.പി. മൊയ്തീൻ കുട്ടി സാഹിബ് എന്നിവർ പ്രഭാഷണങ്ങൾ നടത്തി.

വല്ലപ്പുഴയിൽ പ്രസംഗിച്ചുകൊണ്ടിരിക്കേ ശത്രുക്കൾ ഭീഷണിപ്പെടുത്തുന്നതിനായി പടക്കമെറിയുകയുണ്ടായി.

ജമാഅത്തിലെ ഖുദ്ദാം അൻസാർ അത്ഫാൽ അംഗങ്ങളുടെ സജീവസാന്നിധ്യം പരിപാടിയുടെ വിജയത്തിന് ഹേതുവായിരുന്നു. ആയിരത്തോളം നോട്ടീസുകൾ വിതരണം ചെയ്തു.

# ഖിലാഫത്ത് ദിനയോഗം

**മുറിയക്കണ്ണി:** 28.5.07–ന് വൈകിട്ട് 7.30ന് മുറിയക്കണ്ണി ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മസ്ജിദിൽ വെച്ച് ഖിലാഫത്ത് ദിനയോഗം നടത്തി.

ജനറൽ സെക്രട്ടറി ടി. കുഞ്ഞീതുമാസ്റ്റർ സാഹിബ് അധ്യക്ഷത വഹിച്ചു. കെ. ബശീർ അഹ്മദ് സാഹിബ് തിലാവത്തുൽ ഖുർആൻ നിർവഹിച്ചു. ടി. നിശാൽ അഹ്മദ് സാഹിബ് പദ്യം ചൊല്ലി. തുടർന്ന് മൗലവി ഹിദായത്തുല്ലാഹ്ഖാൻ സാഹിബ് സഖാഫി, മൗലവി എച്ച്. ശംസുദ്ദീൻ കാവശ്ശേരി എന്നിവർ 'ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ' എന്ന വിഷയത്തെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി.

അധ്യക്ഷന്റെ ഉപസംഹാര പ്രസംഗത്തിനുശേഷം ജമാഅത്ത് പ്രസിഡണ്ട് ടി. രായു സാഹിബിന്റെ നേതൃത്വത്തിൽ നടന്ന ഇജ്തിമാഈ ദുആയോടെ യോഗം സമംഗളം പര്യവസാനിച്ചു.

**കടലായി:** കടലായി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 3–ാം തിയ്യതി ഞായറാഴ്ച ഖിലാഫത്ത് ദിനയോഗം നടത്തി. മഗ്രിബ് നമസ്കാരത്തിനുശേഷം ചേർന്ന യോഗത്തിൽ അൻസാറുല്ലാ സഈം പി.പി. അബ്ദുൽ മജീദ് സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ്, അംനാസ് സാഹിബ് എന്നിവർ ഖിലാഫത്ത്ദിന പ്രസംഗങ്ങൾ നടത്തി. അംനാസ് സാഹിബ് ഖുർആൻ പാരായണവും എം.പി. ഉസ്മാൻ സാഹിബ് പദ്യപാരായണവും നടത്തി.

# രക്തദാന ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു

**മാത്തോട്ടം:** മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ രക്തദാന ബോധവൽക്കരണ ക്ലാസ്സ് നടത്തി. മാത്തോട്ടം ഖാഇദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജസ്നാസ് സാഹിബിന്റെ ഖിറാഅത്തോടെ ആരംഭിച്ചു. ഡോ. ഇ.കെ. മുഹമ്മദ് സാഹിബ് രക്തദാനത്തിന്റെ പ്രാധാന്യത്തെ കുറിച്ച് ക്ലാസ്സെടുത്തു. സൃഷ്ടിസേവനരംഗത്ത് പ്രവാചകന്മാരുടെ മാതൃക അനുസ്മരിച്ചുകൊണ്ട് അദ്ദേഹം പ്രഭാഷണം ആരംഭിച്ചു. മനുഷ്യർക്ക് സ്രഷ്ടാവിനോടും, സൃഷ്ടികളോടും കടമകളുണ്ട്. സൃഷ്ടികളോട് ചെയ്യുന്ന ഏറ്റവും വലിയ സഹായമാണ് രക്തദാനം. സൃഷ്ടിസേവനത്തിൽ നാം മുന്നേറണം. അനാവശ്യമായ ഭയമാണ് യുവാക്കളെ രക്തദാനത്തിൽ നിന്നും മാറ്റിനിറുത്തുന്നത്. എന്നാൽ രക്തദാനം ചെയ്യുന്നത് കൊണ്ട് ഭയപ്പെടാൻ ഒന്നുമില്ലെന്ന് അദ്ദേഹം ശാസ്ത്രീയ തെളിവുകളുടെ പിൻബലത്തോടെ ഖാദിംകളെ ബോധവൽക്കരിച്ചു. നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് സന്നിഹിതനായിരുന്നു. സേവനം ചെയ്യുക എന്നത് നന്മയാണ്. അല്ലാഹുവിലുള്ള വിശ്വാസം നാം ഊട്ടിയുറപ്പിക്കണം. യഥാർത്ഥത്തിൽ അതാണ് നമ്മെ മുന്നോട്ട് നയിക്കുന്നത്. അങ്ങനെ എല്ലാവിധ സഹായങ്ങളും ചെയ്തുകൊണ്ട് നാം അല്ലാഹുവിന്റെ സാമിപ്യം കരസ്ഥമാക്കണമെന്ന് അദ്ദേഹം ഖാദിമീങ്ങളെ ഉദ്ബോധിപ്പിച്ചു. ഫഹിം അഹ്മദ് സാഹിബ് പദ്യവും, ജലീൽ അഹ്മദ് സാഹിബ് ചരിത്രവും കേൾപ്പിച്ചു.

# എസ്.എസ്.എൽ.സി, +2 ജേതാക്കൾക്ക് അവാർഡ് ദാനവും അനുമോദനവും



**കോഴിക്കോട്:** മാത്തോട്ടം, കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യാകളുടെ സംയുക്താഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, +2 ജേതാക്കൾക്ക് അവാർഡ് ദാനവും അനുമോദനവും സംഘടിപ്പിച്ചു. കോഴിക്കോട് മേഖലാ അമീർ എം.എ.മുഹമ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരള ചീഫ് മിഷനറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ്, നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ്, മാത്തോട്ടം കോഴിക്കോട് മജ്ലിസ് ഖാഇദുമാർ തുടങ്ങിയവർ പങ്കെടുത്തു. കോഴിക്കോട് മേഖല സഈം എസ്. മുഹമ്മദ് സലീം സാഹിബ്, എ.എം. സലിം സാഹിബ്, കോഴിക്കോട് മേഖല അമീർ സാഹിബ്, കേരള ചീഫ് മിഷനറി എന്നിവർ ജേതാക്കൾക്ക് സമ്മാനം നൽകി.

# ഖിലാഫത്ത് ദിന കേമ്പ് നടത്തി

**കണ്ണൂർസിറ്റി, മെയ് 25:** കണ്ണൂർ സിറ്റി അഹ്മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ ഖിലാഫത്ത് ദിനം ആചരിച്ചു. ഏകദിന പരിപാടിയായാണ് ദിനം ആചരിച്ചത്. പ്രൊഫ. എം. മുഹമ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബ് കേമ്പ് ഉദ്ഘാടനം ചെയ്തു. ഹുസൂർ തിരുമനസ്സിന്റെ സലാം വ്യാപിപ്പിക്കുക എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മുഴുവൻ ജമാഅത്ത് സഹോദരങ്ങളും പരസ്പരം സലാം പറയണമെന്നും അതുവഴി വെറുപ്പും വിദ്വേഷവും ഒഴിവാക്കണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കുട്ടികളെ ചെറുപ്പം മുതൽ തന്നെ നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നവരാക്കി മാറ്റാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് ഖിലാഫത്തെ റാശിദായെ സംബന്ധിച്ച് ശംസുദ്ദീൻ സാഹിബ്, മൗലവി ടി.എം. മുഹമ്മദ് സാഹിബ് എന്നിവർ സംസാരിച്ചു. ടി. നിയാസ് അഹ്മദ് ഖുർആൻ പാരായണം നടത്തി. ടി. ശറഫുദ്ദീൻ സാഹിബ് സ്വാഗതം പറഞ്ഞു. ടി. നിസാം അഹ്മദ് പദ്യം ചൊല്ലി.

ഉച്ചക്കുശേഷം നടന്ന സെഷനിൽ സത്യദൂതൻ എഡിറ്റർ എ.എം. മുഹമ്മദ് സലീം സാഹിബ്, മൗലവി എൻ. ശഫീഖ് അഹ്മദ് സാഹിബ് എന്നിവർ മസീഹി ഖിലാഫത്തിനെ സംബന്ധിച്ച് പ്രഭാഷണങ്ങൾ നടത്തി. പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് സാഹിബ് അധ്യക്ഷനായിരുന്നു. നാദിർ മുബാറക്ക് ഖുർആൻ പാരായണം നടത്തി.

# അത്ഫാൽ സൈക്കിൾ ടൂർ സംഘടിപ്പിച്ചു



**മാത്തോട്ടം:** ജൂൺ 10–ന് ഞായറാഴ്ച മാത്തോട്ടം അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ കുട്ടികൾക്കായി സൈക്കിൾ ടൂർ സംഘടിപ്പിച്ചു. പ്രകൃതിരമണീയമായ ബേപ്പൂർ പുളിമൂട്ടിലേക്കായിരുന്നു സൈക്കിളിൽ യാത്ര പുറപ്പെട്ടത്. അത്ഫാൽ നാസിം എസ്.വി. ജസ്നാസ് സാഹിബിന്റെ നേതൃത്വത്തിൽ പുറപ്പെട്ട യാത്രയിൽ മൗലവി സഫർ അഹ്മദ് സാഹിബ്, കോഴിക്കോട് ജില്ലാ ഖായിദ് സാഹിബ്, മാത്തോട്ടം ഖായിദ് സാഹിബ് എന്നിവരുടെ സാന്നിധ്യവുമുണ്ടായിരുന്നു. അത്ഫാലുകളിൽ ആവേശം ജനിപ്പിച്ച പ്രസ്തുത പരിപാടിയിൽ ധാരാളം അത്ഫാലുകൾ പങ്കെടുത്തു.

*(1–ാം പേജിൽനിന്ന്)*

കടമെടുത്തതെന്ന് പറയുകയും ചെയ്യുന്നു. ഇത് തികച്ചും തെറ്റായ കാര്യമാണ്. ഇത് തന്നത്താൻ വഞ്ചിക്കുന്ന കാര്യമാണ്. മാർഗ്ഗമില്ലെങ്കിൽ ഹജ്ജ് പോലും ചെയ്യരുതെന്നാണ് കല്പനയുള്ളത്. അതുകൊണ്ട് ഈ തന്ത്രം മെനഞ്ഞെടുത്ത് തന്നത്താൻ ചതിയിൽ അകപ്പെടുത്തരുത്.

വേറെ തരത്തിലുള്ള ആളുകളുണ്ട്. വിവാഹം തുടങ്ങിയവ നാട്ടുനടപ്പനുസരിച്ച് നടത്താൻ വേണ്ടി അനാവശ്യ ചെലവുകൾക്കായി അവർ കടം എടുക്കാറുണ്ട്. പാകിസ്ഥാൻ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ കടത്തിന്റെ ശാപം വളരെയധികമാണ്. മറ്റു ദരിദ്രരാഷ്ട്രങ്ങളിലും ഇതുണ്ട്.

എന്തായാലും ഈ പലിശക്കടത്തിന്റെ ലഞ്ഛനത്ത് കുടുംബങ്ങളെ തകർക്കുന്നു. അഹ്മദി മുസ്ലിം എന്ന നിലയിൽ, നാം ഇതിൽനിന്ന് ഒരുപാട് രക്ഷപ്പെടേണ്ടതാണ്. ചില നിർബന്ധഘട്ടങ്ങൾ വരുന്ന കാരണത്താൽ പലിശയ്ക്ക് പണം കടം എടുക്കേണ്ടിവരുന്നുവെന്ന് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) നോട് ആരോ പറഞ്ഞു. എന്താണ് ചെയ്യേണ്ടതെന്ന് ചോദിക്കുകയും ചെയ്തു. ഇതുകേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: ''ആരാണോ അല്ലാഹുവിൽ സർവ്വവും സമർപ്പിക്കുന്നത്, അല്ലാഹു എന്തെങ്കിലും കാര്യം അദൃശ്യത്തിൽ നിന്ന് അവനായി ഉണ്ടാക്കുന്നു. അഹോ കഷ്ടം. ജനങ്ങൾ ഇക്കാര്യം മനസ്സിലാക്കുന്നില്ല. മുത്തഖീങ്ങൾക്ക് പലിശയ്ക്ക് പണം എടുക്കേണ്ട നിർബന്ധിതാവസ്ഥ അല്ലാഹു ഒരിക്കലും ഉണ്ടാക്കുകയില്ല. ഓർമ്മിക്കുക, വ്യഭിചാരം, കളവ് തുടങ്ങിയ പാപം പോലെതന്നെയാണ് പലിശ വാങ്ങുകയും കൊടുക്കുകയും ചെയ്യുന്നതും. എത്രത്തോളം നഷ്ടകരമായ കാര്യമാണിത്; പണവും പോയി. നിലയും വിലയും പോയി. ഈമാനും പോയി. സാധാരണജീവിതത്തിൽ പലിശയ്ക്ക് കടമെടുത്ത് ജീവിക്കേണ്ട ഒരു കാര്യവും വരുന്നില്ല. ഉദാഹരണത്തിന് നിക്കാഹ്. ഒരു ചെലവുമില്ലാത്ത കാര്യമാണിത്. ഇരുകക്ഷികളും ഇഷ്ടപ്പെട്ട് സമ്മതിച്ചു. നിക്കാഹും നടന്നു. അതിനുശേഷം വലീമ സുന്നത്താണ്. അതിന് കഴിയില്ലെങ്കിൽ അതും മാപ്പാണ്. മനുഷ്യൻ ഉള്ളതുകൊണ്ടു ജീവിക്കുകയാണെങ്കിൽ, അവന് ഒരു നഷ്ടവും ഉണ്ടാകുകയില്ല. ജനങ്ങൾ തങ്ങളുടെ ഇന്ദ്രിയാശകൾക്കും താൽക്കാലിക സന്തോഷത്തിനും വേണ്ടി അല്ലാഹുവിനെ വെറുപ്പിക്കുന്നു എന്നത് വിഷമകരമായ കാര്യമാണ്. അത് അവരുടെ നാശത്തിനുള്ള കാര്യമാണ്. നോക്കുക, പലിശ എത്ര മാത്രം കഠിനതരമായ പാപമാണ്.

പലിശ കൊടുക്കുന്നതിൽ നിന്നും വാങ്ങുന്നതിൽ നിന്നും പിൻമാറുന്നില്ലെങ്കിൽ അല്ലാഹുവിനോടും അവന്റെ റസൂലിനോടും യുദ്ധത്തെക്കുറിച്ചുള്ള പ്രഖ്യാപനമാണ്. മുസ്ലിംകൾ ഈ പരീക്ഷണത്തിൽ കുടുങ്ങിയിട്ടുണ്ടെങ്കിൽ ഇത് അവരുടെ സ്വന്തം ദുഷ്ക്കർമ്മങ്ങളുടെ ഫലമാണ്. മനുഷ്യൻ അവന്റെ ഉപജീവനത്തിനുള്ള മാർഗ്ഗത്തിൽ, പലിശക്കടം എടുക്കാനുള്ള അവസരം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, ആദ്യം മുതലേ സ്വയം പര്യാപ്തമായ ജീവിതം നയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇവിടെ ഞാൻ പറഞ്ഞതുപോലെ നമ്മുടെ വലിയൊരു വിഭാഗം ആളുകൾ അനാവശ്യചെലവുകൾക്കായി പണം കടമെടുക്കുന്നവരാണ്. അതിനെക്കുറിച്ചാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞത്. ഉദാഹരണത്തിന് നിക്കാഹിന് അനാവശ്യമായ ചെലവുണ്ടാകുന്നു. കല്യാണത്തിനും വലീമയ്ക്കും അനാവശ്യമായി ചെലവഴിക്കുന്നു. ജമാഅത്തിലും ജനങ്ങളെ കാണിക്കുന്നതിനുവേണ്ടി അനാവശ്യമായി ചെലവഴിക്കുന്ന ചിലരുണ്ട്.

ചിലയാളുകൾ തങ്ങളുടെ പണം കൃത്യമായ ലാഭം കിട്ടണമെന്ന നിബന്ധനയോടുകൂടി ആർക്കെങ്കിലും കൊടുക്കുന്നു. ഓരോ മാസമോ ആറു മാസം കൂടുമ്പോഴോ വർഷത്തിനു ശേഷമോ ഇത്രയും ലാഭം തനിക്കു കിട്ടണമെന്ന് പറയുന്നു. ഇതും പലിശയുടെ ഒരു ഇനമാണ്. ഇതു കച്ചവടമല്ല. കച്ചവടത്തിന്റെ പേരിലുള്ള വഞ്ചനയാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) പലിശയ്ക്ക് കൊടുത്തിരിക്കുന്ന നിർവചനം ഇങ്ങനെയാണ്. 'ഒരാൾ തന്റെ നേട്ടത്തിനായി മറ്റുള്ളവർക്കും പണം കടം കൊടുക്കുന്നു. ലാഭം നിശ്ചയിക്കുകയും ചെയ്യുന്നു. ലാഭം നിശ്ചയിക്കുക എന്നത് പലിശയുടെ രൂപമാണ്. അവിടന്ന് പറഞ്ഞു, 'ഈ നിർവചനം എവിടെയൊക്കെ പുലരുന്നുവോ അത് പലിശ എന്നു പറയപ്പെടും.' അതുകൊണ്ട് ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ ലാഭം മുൻകൂറായി ക്ലിപ്തപ്പെടുത്തി പണം കടം കൊടുക്കുക, അല്ലെങ്കിൽ കച്ചവട

*(ശേഷം 4–ാം പേജിൽ)*

# അറിവ് സമഗ്രമാകണം: പ്രൊ. മഹമൂദ് അഹ്മദ്

**കണ്ണൂർ:** അറിവ് സമഗ്രമായതും, നൂതനമായ കാര്യങ്ങൾ ഉൾക്കൊള്ളുന്നതുമായിരിക്കണമെന്ന് പ്രൊ. മഹമൂദ് അഹ്മദ് സാഹിബ് അഭിപ്രായപ്പെട്ടു. കണ്ണൂർ ടൗൺ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സംഘടിപ്പിച്ച യൗമേവാലിദൈൻ ദിനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. അഹ്മദികൾ വിദ്യാഭ്യാസത്തിൽ ഉയർന്നനിലവാരം പുലർത്താനുള്ള കാരണം ആത്മീയവിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യമാണ്. ആത്മീയ വിദ്യാഭ്യാസം ഭൗതികവിദ്യാഭ്യാസത്തെ നിരാകരിക്കലല്ല; മറിച്ച്, അതിന്റെ പരിപൂർണ്ണതയെ സഹായിക്കുകയാണ് ചെയ്യുന്നത്. അദ്ദേഹം തുടർന്നു പറഞ്ഞു. ടൗൺ മജ്‌ലിസ് ഖാഇദ് ടി. ഷാജിർ അഹ്മദ് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ കെ. അബ്ദുൽ അസീസ് സാഹിബ് വിദ്യാഭ്യാസത്തിന്റെ സമകാലീന പ്രസക്തിയെക്കുറിച്ച് സംസാരിച്ചു. കണ്ണൂർ ടൗൺ ജമാഅത്തിൽനിന്ന് എസ്.എസ്.എൽസി, +2 പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്കുള്ള ഉപഹാരം പ്രൊ. മഹ്മൂദ് അഹ്മദ് സാഹിബ് വിതരണം ചെയ്തു. നിശാൽ അഹ്മദ് ഖുർആൻ പാരായണം നടത്തി. ശിബിൻ അസ്‌ലം പദ്യം ആലപിച്ചു. ശെഹിൻ ശാഫി സ്വാഗതവും, സുബിൻ അശ്റഫ് നന്ദിയും പറഞ്ഞു.

(1-ാം പേജിൽനിന്ന്)

യിരുന്ന സമയത്ത് ഇസ്‌ലാമി ഛത്രശിബിർ അത്ഭുതകരമായ വളർച്ചനേടി. ധാക്ക യൂനിവേഴ്സിറ്റിയിൽ ഇക്കൂട്ടർ വമ്പിച്ച പുരോഗതിയാണ് കരസ്ഥമാക്കിയത്. ഇതിനായി BNP യുടെ വിദ്യാർത്ഥി വിഭാഗമായ ജാതിയ ബാദിഛത്ര ദളിനേയും യൂനിവേഴ്സിറ്റി ഭരണ വിഭാഗത്തേയും സമർത്ഥമായി ഉപയോഗപ്പെടുത്തി. തുടർന്ന് ധാക്കാ യൂനിവേഴ്സിറ്റിയുടെ മികച്ച പല പദവികളിലും തങ്ങളുടെ ആജ്ഞാനുവർത്തികളെ നിയോഗിച്ചു.

രാജ്ശാഹി, ചിറ്റഗോംഗ്, കുശ്ത്തിയ, സിൽഹറ്റ് തുടങ്ങിയ സർവ്വകലാശാലകളിലും ഇതേരീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇപ്പോൾ ICS ന്റെ ശ്രമം ധാക്ക യൂനിവേഴ്സിറ്റി ക്യാംപസ്സും ബംഗ്ലാദേശ് യൂനിവേഴ്സിറ്റി ഓഫ് എൻജിനിയറിംഗ് ആന്റ് ടെക്നോളജിയും പിടിച്ചെടുക്കാനാണ്. ധാക്കയിലെ കാന്ദാബൻ-നിർവഖ്ഹെറ്റ് റോഡിലുള്ള ഷോപ്പുകൾ കേന്ദ്രീകരിച്ചാണ് ശിബിർ പ്രവർത്തകരുടെ ഇപ്പോഴത്തെ നീക്കം. ആയുധമേന്തിയ ശിബിർ പ്രവർത്തകരുടെ ഒളിത്താവളമായും ഈമേഖലയെ രൂപപ്പെടുത്തിയിട്ടുണ്ട്. ജമാഅത്തെ ഇസ്‌ലാമിക്കും ശാഖാ സംഘടനകൾക്കും ഇത്രയും വിപുലമായി പ്രവർത്തിക്കാൻ സാധിക്കുന്നത് അവരുടെ വിപുലമായ ധനശേഖരത്തിന്റെ പിൻബലത്താലാണ്.

കഴിഞ്ഞ ഏപ്രിൽ 21-ന് നടത്തിയ ഡോ. അബ്ദുൾ ഗഫൂർ സ്മാരക പ്രഭാഷണത്തിൽ ധാക്ക യൂനിവേഴ്സിറ്റിയിലെ ധനതത്ത്വശാസ്ത്രം പ്രഫസർ ഡോ. അബുൾ ബർക്കത്ത് 'ബംഗ്ലാദേശി മൗലാബദർ അർത്ഥനിധി' (ബംഗ്ലാദേശിലെ മതമൗലികവാദികളുടെ ധനം) എന്ന പ്രബന്ധം അവതരിപ്പിച്ചിരുന്നു. ഇതിൽ പറയുന്നതനുസരിച്ച് വിവിധയിടങ്ങളിലുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ സംരംഭങ്ങൾ 1200 കോടി ടാക്കയോളം ഒരു വർഷം സമ്പാദിക്കുന്നുവെന്നാണ്. ഈ 'ധനപ്രവാഹ'ത്തിന്റെ കണക്കുകൾ പരിശോധിക്കപ്പെടുന്നേയില്ല. ഒരുതരത്തിലുള്ള അന്വേഷണവും ഇവിടെ നടക്കുന്നില്ല. ജമാഅത്തിന്റെ നിയന്ത്രണത്തിലുള്ള NGOകൾ വലിയ തോതിൽ ഫണ്ടുകളുപയോഗിച്ച് പ്രവർത്തനം നടത്തിയിരുന്നു. അതേസമയം സെക്കുലർ NGO കളുടെ പ്രവർത്തനത്തെ BNP- ജമാഅത്ത് സഖ്യഭരണം കഴിയുന്നത്ര തളർത്തിയുമിരുന്നു.

അടുത്തകാലത്തായി ബംഗ്ലാദേശിലെ കെയർടേക്കർ ഗവർമ്മെന്റ് രാഷ്ട്രീയ പ്രകടനങ്ങളും, പൊതുയോഗങ്ങളും നിരോധിക്കുകയുണ്ടായി. എന്നാൽ, ജമാഅത്തെ ഇസ്‌ലാമി തങ്ങളുടെ സന്ദേശം വിപുലമായ രീതിയിൽ നാടെങ്ങും എത്തിക്കുന്നുണ്ട്. ഇവർ വഅ്സ് മെഹ്ഫിൽ (ഉപദേശ സഭ) എന്ന പേരിൽ ചടങ്ങുകൾ ബംഗ്ലാദേശിലാകമാനം സംഘടിപ്പിക്കുന്നു. ഗവർമ്മെന്റ് ഇതൊന്നും തടയാനോ നിരോധിക്കാനോ തയ്യാറല്ല. ചുരുക്കത്തിൽ മതേതര ജനാധിപത്യ പ്രസ്ഥാനങ്ങളെ തുടച്ചുനീക്കുന്ന ഗവർമ്മെന്റ് ജമാഅത്തെ ഇസ്‌ലാമിയേയും ഛത്ര ശിബിറിനേയും വലിയരീതിയിൽ പ്രോത്സാഹിപ്പിക്കുന്നു. കെയർടേക്കർ ഗവർ മ്മെന്റിന്റെ നീക്കം ബംഗ്ലാദേശിനെ കൂടുതൽ ഇരുളടഞ്ഞതാക്കുന്നു.

(1-ാം പേജിൽനിന്ന്)

നാസിർ ഇസ്‌ലാഓ ഇർശാദ് ഭാരത് മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എന്നിവർക്കുശേഷം ഈ അനുഗൃഹീത പദവിയിലെത്തുന്ന മാന്യദേഹമാണ് മൗലവി അയൂബ് സാഹിബ് എന്ന് അൻസാറുല്ലാഹ് സയീം അഭിപ്രായപ്പെട്ടു. തന്റെ മറുപടി പ്രസംഗത്തിൽ മൗലവി അയ്യൂബ് സാഹിബ് ഹുസൂർ തിരുമനസ്സിന്റെ ഖുത്ബയുടെ വെളിച്ചത്തിൽ ഓരോ ഭാരവാഹികളുടേയും ഉത്തരവാദിത്തം എടുത്തുദ്ധരിച്ചുകൊണ്ട് തന്നിലർപ്പിതമായിട്ടുള്ള മഹത്തായ ഉത്തരവാദിത്തം ഭംഗിയായി നിറവേറ്റുവാൻ ദുആ ചെയ്യണമെന്നും എല്ലാവരുടേയും സഹായസഹകരണങ്ങളുണ്ടാകണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

(1-ാം പേജിൽനിന്ന്)

ച്ചിയിൽ ആണ് താമസിക്കുന്നത്. എന്നാൽ സിന്ധ് ഗവർമ്മെന്റും, കറാച്ചി എഡ്യുക്കേഷൻ ബോർഡും ഈ ന്യനപക്ഷവിഭാഗങ്ങൾക്കായി പ്രത്യേക സിലബസ്സുണ്ടാക്കാൻ തയ്യാറായില്ല. ഗവർമ്മെന്റ് സ്കൂളുകളിൽ അഖലാവിയച്ചത്ത് എന്ന പേരിൽ അമുസ്‌ലിംകൾക്കായി പ്രത്യേക പാഠ്യഭാഗമുണ്ട്. എന്നാൽ കറാച്ചിയിൽ മിക്ക സ്കൂളുകളിലും ഇത് നിലവിൽ വന്നിട്ടില്ല. മാത്രവുമല്ല, സ്കൂളുകളിലെ അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ വലിയ പിടിപാടുമില്ല. ഇക്കാരണത്താൽ അമുസ്‌ലിം വിദ്യാർത്ഥികൾ, ഇസ്‌ലാമിയത്തിന്റെ ക്ലാസ്സിൽ തന്നെ ഇരിക്കേണ്ടി വരുന്നു.

ഇത്തരം ക്ലാസ്റൂമുകളിൽ ന്യൂനപക്ഷങ്ങൾക്ക് മാനസികപ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു. തങ്ങൾ ഇതുവരെ കേട്ടിട്ടില്ലാത്ത ഭാഷയിൽ പാഠങ്ങൾ അഭ്യസിക്കേണ്ട ഗതികേട് ഇതിൽ പ്രധാനമത്രെ. ചിലപ്പോൾ അമുസ്‌ലിംകളോട് വിവേചനപരമായ രീതിയിൽ പെരുമാറാൻ അദ്ധ്യാപകർ തയ്യാറാകുന്നു. അമുസ്‌ലിംകൾ ഖുർആൻ തൊട്ടുകൂടാ എന്ന് ചില അദ്ധ്യാപകരെങ്കിലും ഇത്തരം ക്ലാസുകളിൽ ആക്രോശിക്കാറുണ്ടത്രെ. എന്നാൽ, ചില പാർലമെന്റംഗങ്ങളും ന്യൂനപക്ഷ അവകാശപ്രവർത്തകരും ഇക്കാര്യം സജീവമായി ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. (അവലംബം: ഇന്ത്യാന്യൂസ്)

# കമ്പ്യൂട്ടർ ലാബ് ഉദ്ഘാടനം ചെയ്തു

**നാസിനു (ഫിജി):** ഫിജിയിലെ നാസിനു എന്ന പ്രദേശത്ത് സ്ഥിതിചെയ്യുന്ന അഹ്മദിയ്യാ കോളേജിലെ പുതിയ കമ്പ്യൂട്ടർലാബ് ഫിജിയിലെ വിദ്യാഭ്യാസ സ്ഥിരം സിക്രട്ടറി ശ്രീമതി എമി റബുക്താവക്ത ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ ചെയ്ത പ്രസംഗത്തിൽ ഇവർ കമ്പ്യൂട്ടർ വിദ്യാഭ്യാസത്തിന്റെ പ്രായോഗിക നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. അതേസമയംതന്നെ കമ്പ്യൂട്ടർ, പ്രത്യേകിച്ച് ഇന്റർനെറ്റ് അവതരിപ്പിക്കുന്ന സാന്മാർഗ്ഗികവും ധാർമ്മികവുമായ കടമ്പകളെപ്പറ്റിയും അവർ പറഞ്ഞു. കമ്പ്യൂട്ടർ എന്ന യന്ത്രത്തിനപ്പുറം അദ്ധ്യാപകർക്ക് വിദ്യാർത്ഥികളോട് സംവദിക്കാനാകുമെന്നും ശ്രീമതി റബുക്താവക്ത കൂട്ടിച്ചേർത്തു.

# ഖാത്തമുന്നബിയ്യീൻ മുഹമ്മദ് മുസ്തഫ(സ)

**യാസർ അറഫാത്ത് തിരുത്തിയാട്**

ലോകൈകനാഥന്റനുഗ്രഹമായ്
ലോകർക്കായൊട്ടാകെ കാരുണ്യമായ്
ആമിന തന്നുടെ ഓമനയായ്
ഭൂജാതരായീ തിരുമേനി....
അൽഅമീനായി വളർന്നുവന്നു,
ആലത്തിലെങ്ങും പേർ പരന്നു
ആദമിൻ മക്കൾക്കാശ്വാസമായ്,
റഹ്മായി മാറീ തിരുമേനി.......
ആലംബഹീനർക്കങ്ങത്താണിയായ്
ആശ്രിതവത്സല തൽപരനായ്
അമ്പിയാക്കൾക്കായ് രാജാധിരാജൻ
അഭിമാനതാരകം പുണ്യറസൂൽ.
അറിവിന്റെ സാഗരമാം ഖുർആനും
തിരുദൂതർ തന്റെ ഹദീസുതാനും
മാനവന്നേകീ സന്മാർഗ്ഗദർശനം
മാലോകർക്കെല്ലാം കെടാവിളക്കായ്.
ഖാത്തമുൽഅമ്പിയാ പുണ്യറസൂലിനെ
അന്ത്യനെന്നൊട്ടുമേ ചൊല്ലിടൊല്ലാ.
വന്ദ്യപ്രവാചകർ മുത്തുറസൂലിനെ
നിന്ദിക്കും നാമം മൊഴിഞ്ഞിടൊല്ലാ.
റബ്ബേ നീയേകണേ നിന്റെയൗദാര്യങ്ങൾ
പുണ്യറസൂലിന്നായ് മേല്ക്കുമേലേ.
സ്വീകരിച്ചീടണേ ഞങ്ങൾതൻ പ്രാർത്ഥന
എല്ലാമറിയുന്ന തമ്പുരാനേ.

# തർബിയ്യത്ത് വാരം




എറണാകുളം: ആസന്നമായ ഖിലാഫത്ത് ശതവാർഷികത്തോടനുബന്ധിച്ച് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരളയുടെ ആഭിമുഖ്യത്തിൽ 2007 ജൂൺ 17 മുതൽ 24 വരെ മജ്‌ലിസുകളിൽ തർബിയ്യത്തുവാരം ആചരിച്ചു. പള്ളിയുമായും ജമാഅത്തീപരിപാടികളുമായും ബന്ധപ്പെടാത്ത ഖാദിമീങ്ങളുടെയും അത്ഫാലുകളുടേയും വീട് സന്ദർശനം, ജമാഅത്തായ തഹ്ജ്ജുദ് നമസ്കാരം, ഏഴ് മാസത്തെ ചന്ദ പൂർണ്ണമായും പിരിച്ചെടുക്കൽ, നഫ്ൽ നോമ്പും, കൂട്ടനോമ്പുതുറയും, പുകവലി തുടങ്ങിയ സാമൂഹിക തിന്മകൾക്കെതിരായ ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങി വിവിധ പരിപാടികളാണ് തർബ്ബിയ്യത്ത് വാരത്തിൽ നടത്തിയത്. ജൂൺ 17-ന് തർബിയ്യത്ത് വാരത്തിന്റെ ഉദ്ഘാടനം കരുനാഗപ്പള്ളി അഹ്മദിയ്യാ മസ്ജിദിൽവെച്ച് നടന്നു. യോഗത്തിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ചർച്ചകളും പ്രഭാഷണങ്ങളും സംഘടിപ്പിച്ചിരുന്നു. ജൂൺ 24-ാം തിയ്യതി എറണാകുളം മസ്ജിദ് ഉമറിൽ വെച്ചുനടന്ന സമാപന സമ്മേളനത്തിൽ മേഖല അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷത വഹിച്ചു. തുടർന്ന് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരത് തർബിയ്യത്ത് സെക്രട്ടറി മൗലവി നൂറുദ്ദീൻ സാഹിബ് ഉദ്ബോധന പ്രഭാഷണം നടത്തി. എറണാകുളം മേഖലയിലെ ജമാഅത്തുകൾ 50% വസിയ്യത്ത് എന്ന ലക്ഷ്യം കൈവരിച്ചതിൽ അദ്ദേഹം സന്തുഷ്ടി പ്രകടിപ്പിച്ചു. എന്നാൽ, കൂടുതലാളുകൾ വസിയ്യത്ത് പദ്ധതിയിൽ ചേരേണ്ടതുണ്ടെന്ന് അദ്ദേഹം ഓർമ്മിപ്പിക്കുകയും ചെയ്തു. വഖ്ഫ് ചെയ്തവർ മുബല്ലിഗുമാരായി തീരാൻ കൂടുതൽ ശ്രദ്ധചെലുത്തണമെന്ന ഖലീഫാ തിരുമനസ്സിന്റെ നിർദ്ദേശവും അദ്ദേഹം സദസ്യരെ ഓർമ്മപ്പെടുത്തി. തുടർന്ന് 'ബദൽ ജീവിത പഠനകേന്ദ്രം' ഡയരക്ടർ ശ്രീ. വർഗ്ഗീസ് പോൾ നേതൃത്വപരിശീലനവും വ്യക്തിത്വവികസനവും എന്ന വിഷയത്തെക്കുറിച്ച് രസകരവും വിജ്ഞാനപ്രദവുമായ ക്ലാസ്സെടുത്തു. രാഷ്ട്രീയപ്രസ്ഥാനങ്ങളിലെ ഗുണദോഷങ്ങൾ വ്യക്തമാക്കിയ അദ്ദേഹം നേതൃത്വത്തിനുവേണ്ട ഗുണങ്ങൾ എന്തെല്ലാമാണെന്നും അവ എങ്ങനെ നേടിയെടുക്കാമെന്നും വിശദമാക്കി. രണ്ടാം നേതൃത്വനിര വാർത്തെടുത്താൽ മാത്രമേ ഏതൊരു പ്രസ്ഥാനവും നിലനില്ക്കുകയുള്ളൂ. അല്ലെങ്കിൽ തലമുതിർന്നവർ മരണമടയുന്നതോടുകൂടി പ്രസ്ഥാനം ഏറ്റെടുത്തു നടത്തുവാൻ ആളില്ലാതാവും. കഴിവുറ്റ നേതൃത്വമാണ് തലപ്പത്തുള്ളതെങ്കിൽ ഏത് പ്രശ്നങ്ങൾക്കും വളരെ പെട്ടെന്ന് പരിഹാരം കാണാൻ സാധിക്കും. തുടർന്ന് സംസാരിച്ച മൗലവി ശംസുദ്ദീൻ സാഹിബ് ആദ്യപ്രഭാഷണത്തെക്കുറിച്ചുള്ള അഹ്മദിയ്യാ വീക്ഷണത്തിൽ സംസാരിച്ചു. മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത് ഏറ്റവും ഉത്തമമായ പ്രകൃതത്തിലാണ്. അല്ലാഹു നമുക്ക് നല്കിയ കഴിവുകൾ യഥാസ്ഥാനത്ത് വിനിയോഗിച്ചാൽ ഓരോരുത്തരുടേയും വ്യക്തിത്വവികസനത്തിൽ പുരോഗതിയുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

ഉച്ചയ്ക്കുശേഷം നടന്ന ചർച്ചാവേദിയിൽ

(ശേഷം 7-ാം പേജിൽ)

അൽ ഫഖ്
AHMADIYYA NEWS BULLETTIN
ജൂൺ 2007 ജമാത്തുൽ അവ്വൽ

# ഖുർആൻ വാരത്തിന്റെ പ്രാധാന്യം

**വി**ശുദ്ധഖുർആൻവാരം വീണ്ടും വരികയാണ്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ലോകവ്യാപകമായി ജൂലൈ ആദ്യവാരം ഖുർആൻ വാരമായി ആചരിച്ചുവരുന്നു.

ഈ വാരം എന്തിനു ആചരിക്കുന്നുവെന്ന് നാം ചിന്തിക്കണം. ഭൗതികലോകത്ത് ഇപ്പോൾ പലപല ദിനങ്ങളും വാരങ്ങളും മാസങ്ങളും ആചരിച്ചുവരുന്നുണ്ട്. അത് ആചരണത്തിനുമപ്പുറം ആഘോഷമായും ചില വ്യക്തികളുടെ അല്ലെങ്കിൽ പ്രസ്ഥാനങ്ങളുടെ താല്പര്യസംരക്ഷണത്തിനുള്ള ഉപാധിയുമായാണ് കടന്നുപോകുന്നത്. എന്തിനധികം പറയുന്നു. നബിദിനംപോലും ഇന്നൊരു ആഘോഷമായി മാറിയിരിക്കുന്നു. ഗതാഗത തടസ്സമുണ്ടാക്കുന്ന തരത്തിലുള്ള പ്രകടനങ്ങളുടേയും കർണ്ണകഠോരമായ മുദ്രാവാക്യങ്ങളുടെയും ഒരു ദിനമാണ് ഇന്ന് നബിദിനം. ഓരോ സംഘടനയും, പ്രസ്ഥാനവും അവരുടെ കരുത്ത് തെളിയിക്കാനുള്ള ഉപാധിയായാണ് പല ദിനങ്ങളും വാരങ്ങളും കൊണ്ടാടുന്നത്.

എന്നാൽ, അഹ്മദിയ്യാ ജമാഅത്തിൽ ദിനങ്ങളും വാരങ്ങളും അങ്ങനെയല്ല. ആഘോഷങ്ങൾക്ക് അവിടെ സ്ഥാനവുമില്ല. നബിദിനം നബിതിരുമേനിയുടെ ജീവിതമാതൃകകൾ സ്വന്തം വ്യക്തിജീവിതത്തിൽ പകർത്തുന്നതിനും ഖിലാഫത്തുദിനം അല്ലാഹു നൽകിയ അനുഗ്രഹത്തിന് നന്ദി പറയാനുമാണ് അഹ്മദികൾ ഉപയോഗിക്കുന്നത്. മറ്റു ദിനങ്ങളും അങ്ങനെതന്നെയാണ്.

ഖുർആൻ വാരത്തിന് മുമ്പെന്നെത്തേക്കാളുമേറെ പ്രസക്തിയാണിന്നുള്ളത്. സകല കാലത്തേക്കുമുള്ള ഒരു ഗ്രന്ഥമാണ് വിശുദ്ധഖുർആൻ. അതിൽ ഇന്നത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്. സമൂഹത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്. കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ട്. പക്ഷേ, ഇന്ന് ഖുർആനെ മുസ്‌ലിംകൾപോലും മറന്നിരിക്കുന്നു. ഉപരിപ്ലവമായ തരത്തിൽ ഖുർആനെ എല്ലാവരും ആദരിക്കുന്നുണ്ട് എന്നത് വിസ്മരിക്കുന്നില്ല. ദിനംപ്രതി അത് പാരായണം ചെയ്യുന്നുമുണ്ട്.

പക്ഷേ, അതിന്റെ അഗാധതലങ്ങളിലേക്ക് ഭൂരിപക്ഷം പേരും എത്തുന്നില്ല എന്നതാണ് വസ്തുത. അവിടെയാണ് അഹ്മദിയ്യാ ജമാഅത്ത് നടത്തുന്ന ഖുർആൻ വാരത്തിന്റെ പ്രസക്തി. ഏഴു ദിനങ്ങളിലായി വിശുദ്ധഖുർആന്റെ വിവിധ തത്വജ്ഞാനങ്ങൾ കരസ്ഥമാക്കാനുള്ള സുവർണ്ണാവസരമാണ് ഇവിടെ ഒരുക്കുന്നത്.

ഈ അവസരം നാം മുതലെടുക്കണം പ്രത്യേകിച്ചും യുവതലമുറ. ഖുർആനിൽ എല്ലാമുണ്ട്. അതു പഠിച്ചാൽ ഇന്നത്തെ സമൂഹത്തെ നേർവഴിയിൽ നടത്താൻ നമുക്കാവും. സമൂഹത്തിൽ പടർന്നുകഴിഞ്ഞിരിക്കുന്ന എല്ലാ തിന്മകളേയും അകറ്റാനും നമുക്കാകും. ഖുർആൻ വാരം അതിനുതകട്ടെ.

# ഖിലാഫത്ത് ജൂബിലി– ഒരു അസുലഭ മുഹൂർത്തം: ഖാരി നവാബ് സാഹിബ്




**എറണാകുളം, മെയ് 27:** –അടുത്തവർഷം വരാനിരിക്കുന്ന ഖിലാഫത്ത് ജൂബിലി ഓരോ അഹ്മദിയുടേയും ജീവിതത്തിലെ അസുലഭ സന്ദർഭമാണെന്നും അതിന്റെ പ്രാധാന്യം മനസ്സിലാക്കി ഓരോരുത്തരും പ്രവർത്തിക്കേണ്ടതുണ്ടെന്നും നാഇബ് നാസിം ബയ്ത്തുൽമാൽ ഖാരി നവാബ് സാഹിബ് അഭിപ്രായപ്പെട്ടു. എറണാകുളം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ വിവിധ ജമാഅത്തുകൾ സംയുക്തമായി മസ്ജിദ് ഉമറിൽ സംഘടിപ്പിച്ച ഖിലാഫത്ത് ദിനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രണ്ടാം ഖിലാഫത്തിനോടനുബന്ധിച്ച് ചില ഫിത്നകൾ പൊട്ടിപ്പുറപ്പെട്ടിരുന്നു. എന്നാൽ, നബി(സ) തിരുമേനിയുടെ പ്രവചനപ്രകാരം രൂപീകരിച്ച ഈ ഖിലാഫത്തിനെ നശിപ്പിക്കാൻ അവർക്കായില്ല. അഹ്മദികൾ ഐക്യബോധത്തോടെ നിലകൊണ്ടു. ലോകത്തിലെ വിവിധ ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷകൾ, ആശുപത്രികൾ, നിരാലംബർക്ക് പഠനത്തിനുള്ള സൗകര്യം, വീട് തുടങ്ങിയവ ഖിലാഫത്തിന്റെ നേട്ടങ്ങളിൽ ചിലതു മാത്രമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ധാരാളം പള്ളികൾ ഇന്ന് നമുക്കുണ്ട്. ഈ പള്ളികൾ നമ്മിൽ ഐക്യബോധമുണ്ടാക്കുന്നു. ഖിലാഫത്തിന്റെ തണലിൻ കീഴിൽ നിന്നതുകൊണ്ട് മാത്രമാണ് ഈ അനുഗ്രഹങ്ങളെല്ലാം നമുക്ക് ലഭിച്ചിട്ടുള്ളത്. അഹ്മദിയ്യത്തിനുമേൽ ഒരിക്കലും സൂര്യൻ അസ്തമിക്കുകയില്ലെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയും. ഓരോരുത്തരും ഹുസൂർ തിരുമനസ്സുമായി വ്യക്തിബന്ധം സ്ഥാപിക്കേണ്ടതുണ്ട്. ഹുസൂർ തിരുമനസ്സിനുവേണ്ടിയും ദുആചെയ്യേണ്ടത് നമ്മുടെ കടമയാണ്. നഫൽ നോമ്പ്, നഫൽ നമസ്കാരം എന്നിവയിൽ ശ്രദ്ധ പതിപ്പിക്കുകയും ഖിലാഫത്ത് ജൂബിലിയോടനുബന്ധിച്ച് ഹുസൂർ പഠിപ്പിച്ച ദുആകൾ എപ്പോഴും ഉരുവിട്ടുകൊണ്ടിരിക്കുകയും വേണം. വസിയത്ത് പദ്ധതിയിൽ അംഗങ്ങളാകാത്തവർ അതിന്റെ ഗൗരവം മനസ്സിലാക്കി അംഗങ്ങളായി തീരണമെന്നും ഖാരി സാഹിബ് കൂട്ടിച്ചേർത്തു. മൗലവി അൻസാർ സാഹിബ് പ്രസംഗം പരിഭാഷപ്പെടുത്തി. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. മൗലവി നജ്മുദ്ദീൻ സാഹിബ് ഖുർആൻ പാരായണം നിർവ്വഹിച്ചു. എം.എം. അബ്ദുർ റഹീം സാഹിബ്, ബി. താഹിർ അഹ്മദ് സാഹിബ് എന്നിവർ പദ്യം ചൊല്ലി. ഹുസൂർ തിരുമനസ്സിന്റെ വിവിധ നിർദ്ദേശങ്ങളെ ആസ്പദമാക്കി മൗലവി മൻസിൽ സാഹിബ് പ്രസംഗിച്ചു. 'ഖിലാഫത്തെ ഖാമിസ–തിരഞ്ഞെടുപ്പും ദൈവിക സഹായവും' എന്ന വിഷയത്തെക്കുറിച്ച് എറണാകുളം മുബല്ലിഗ് മൗലവി എം. നാസിർ അഹ്മദ് സാഹിബ് പ്രഭാഷണം നടത്തി. ഖിലാഫത്ത് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് ലോകത്തിലെ വിവിധ അഹ്മദികൾ കണ്ട സ്വപ്നദർശനങ്ങളെക്കുറിച്ച് അദ്ദേഹം വിശദമാക്കുകയുണ്ടായി. നമുക്ക് ലഭിച്ചിട്ടുള്ള ഈ ഖിലാഫത്ത് വ്യവസ്ഥിതി നഷ്ടപ്പെട്ടുപോകാതെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ സുപ്രധാന കടമയാണെന്ന് മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അധ്യക്ഷഭാഷണത്തിൽ വ്യക്തമാക്കി. അതിന് ഒറ്റ മാർഗ്ഗം മാത്രമേയുള്ളൂ. ഹുസൂറിന്റെ നിർദ്ദേശങ്ങൾക്ക് പൂർണ്ണമായും ലബ്ബൈക്ക് പറയുക. രക്തരൂക്ഷിതമായ സമരങ്ങളാണ് ഇസ്‌ലാമിന്റെ ആദ്യ ഖിലാഫത്ത് കാലത്ത് നാം കണ്ടത്. ദുആ കൊണ്ടുമാത്രമാണ് നമ്മുടെ ഭയങ്ങളെല്ലാം അല്ലാഹു നീക്കിത്തന്നത്. പ്രസിഡന്റിനേയോ അമീറിനേയോ അനുസരിക്കാനാവില്ല. പക്ഷേ, ഹുസൂർ തിരുമനസ്സിനെ അനുസരിച്ചുകൊള്ളാം എന്ന ധാരണ തെറ്റാണ്. ഇസ്‌ലാമിക ഖിലാഫത്തിന്റെ ആദ്യകാലഘട്ടങ്ങളിലും ഫിത്നക്കാർ ഇതേ തന്ത്രം തന്നെയാണ് പയറ്റിയത്. ഉസ്മാൻ (റ)ന്റെ കാലത്ത് കൂഫയിലെ ഗവർണർക്കെതിരിലാണ് ആദ്യം ആരോപണങ്ങളുന്നയിച്ചത്. എന്നാൽ, ആ കലാപം പടർന്നു പന്തലിച്ച് ഒടുവിൽ ഖലീഫയുടെ വധത്തിനുതന്നെ കാരണമായി മാറി. ജമാഅത്തിൽ ഭരണപക്ഷം പ്രതിപക്ഷം എന്നിങ്ങനെ രണ്ടു പക്ഷങ്ങളില്ല. ഒരൊറ്റ പക്ഷം മാത്രമേയുള്ളൂ. അത് ഔദ്യോഗിക പക്ഷമാണ്. ജമാഅത്ത് വ്യവസ്ഥിതി ഒരു ചങ്ങല പോലെയാണെന്നും കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുന്നവർ ആ ചങ്ങല പൊട്ടിക്കാനാണ് ശ്രമിക്കുന്നതെന്നും അമീർ സാഹിബ് കൂട്ടിച്ചേർത്തു.

ഉച്ചയ്ക്കുശേഷം നടന്ന സെഷനിൽ ഖലീഫാ തിരുമനസ്സുമായി സന്ധിച്ച കുട്ടികളുമായി ഇന്റർവ്യൂ നടന്നു. തുടർന്ന് 'അസിറാനെ റാഹെ മൗലാ ജിദ്ദ'– സൗദിയിലെ ജിദ്ദയിൽവെച്ച് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തടവിലാക്കപ്പെട്ട കേരളത്തിലെ 4 അഹ്മദികളുമായി പ്രത്യേക അഭിമുഖം, മേഖലാ അമീർ അഹ്മദ് കബീർ സാഹിബ്, ഇലാഖാ ഖാഇദ് ടി.കെ. അബൂബക്കർ സാഹിബ് എന്നിവർ നടത്തി. ഏകദൈവ വിശ്വാസ സിദ്ധാന്തത്തിന്റെ ധ്വജവാഹകനായ ഖാത്തമുന്നബിയ്യീൻ മുഹമ്മദ് മുസ്തഫ (സ) തിരുമേനിയുടെ പുണ്യപാദസ്പർശനമേറ്റ് പുളകിതമായ പരിശുദ്ധഭൂമിയിൽ വെച്ച് ഏകദൈവമായ അല്ലാഹുവിനെ ആരാധിച്ചു എന്നതായിരുന്നു അഹ്മദികൾ ചെയ്ത മഹാപാതകം. ജയിലിൽവെച്ച് തുടക്കത്തിലനുഭവപ്പെട്ട പ്രയാസങ്ങളും എന്നാൽ റബ്ബിന്റെ സഹായങ്ങൾ ഒന്നൊന്നായി വന്നിറങ്ങിയതുമെല്ലാം സദസ്സ് സാകൂതം കേട്ടിരുന്നു. അഹ്മദികളുടെ മാതൃകാപരമായ പെരുമാറ്റം ഒടുവിൽ ജയിലധികൃതരിൽ തന്നെ മതിപ്പുളവാക്കുകയും അഹ്മദികളുടെ നമസ്കാരത്തിൽ അവരും പങ്കാളികളായി തീരുകയും ചെയ്തു.

എറണാകുളം, കാക്കനാട്, കൊച്ചി, പള്ളുരുത്തി, മൂവാറ്റുപുഴ, ഐരാപുരം, അടിമാലി, കൊടുങ്ങല്ലൂർ തുടങ്ങിയ ജമാഅത്തുകളിലെ അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

*(2–ാം പേജിൽ നിന്ന്)*

ത്തിൽ പണമിറക്കുക തുടങ്ങിയവയെല്ലാം പലിശയാണ്. ലാഭവും നഷ്ടവും സഹിക്കാൻ തയ്യാറാവുകയാണെങ്കിൽ അതനുവദനീയമാണ്, കച്ചവടമാണ്. കച്ചവടത്തേയും പലിശയേയും ഒന്നായി മനസ്സിലാക്കുന്നവർ അങ്ങേയറ്റം അബദ്ധത്തിലാണുള്ളതെന്ന് വിശുദ്ധഖുർആൻ പറയുന്നു.

അതിനാൽ പലിശ വാങ്ങാനെ പാടില്ല. നിങ്ങൾ കടം കൊടുക്കുകയാണെങ്കിൽ കടം വാങ്ങുന്നവരുടെ വരുമാനമാർഗ്ഗങ്ങളും ഗൗനിക്കേണ്ടതാണ്. കാരണം പരസ്പരം ഇങ്ങനെ ശ്രദ്ധിക്കുമ്പോൾ സ്നേഹവും സന്തോഷവും വർദ്ധിക്കും. കടക്കാരന്റെ ഞെരുക്കം എപ്പോഴും ശ്രദ്ധിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കൊടുത്തയാൾക്ക്, വാങ്ങിയ ആളുടെ കടം മാപ്പാക്കാൻ കഴിയുമെങ്കിൽ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനായി മാപ്പു കൊടുക്കേണ്ടതാണ്. പക്ഷേ, കടം വാങ്ങിയ ആൾ അതിന്നർഹനാണോ എന്ന് നിർബന്ധമായും നോക്കേണ്ടതാണ്. നിങ്ങളുടെ ഈ പ്രവൃത്തി അല്ലാഹുവിന്റെ സാമീപ്യത്തെ നിങ്ങൾക്ക് പ്രദാനം ചെയ്യും.

അല്ലാഹുവിന്റെ റഹ്മത്തിലും ഫള്‌ലിലും ഭാഗഭാക്കാകണമെങ്കിൽ, നിങ്ങളുടെ കടത്തിൽ കുടുങ്ങികിടക്കുന്ന സഹോദരനോടു അനുകമ്പയോടെ വർത്തിക്കണം. അവർക്ക് നേട്ടമുണ്ടാക്കിക്കൊടുക്കണം. ഈ നേട്ടമാണ് പിന്നീട് നിങ്ങളെ അല്ലാഹുവിന്റെ അനുഗ്രഹം കരസ്ഥമാക്കുന്നവരാക്കി മാറ്റുന്നത്. ഒരു മുസൽമാൻ പ്രത്യേകിച്ച് അഹ്മദി ഇക്കാര്യം പ്രത്യേകമായി ഗൗനിക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് ആരുടെയെങ്കിലുംമേൽ സാമ്പത്തിക ശ്രേഷ്ഠത നല്കീട്ടുണ്ടെങ്കിൽ, അവനോട് അതിനുള്ള നന്ദി പ്രകടിപ്പിക്കുന്ന ഒരു രീതി, സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ദരിദ്ര സഹോദരനെ സഹായിക്കുക എന്നതാണ്. കാഠിന്യത്തോടെ പെരുമാറിയാൽ, താൻ ഏറ്റവും വലിയ ശക്തനാണെ

*(ശേഷം 6–ാം പേജിൽ)*

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

### ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ്(റ)

*അബൂസ്വബാഹ്, കാവശ്ശേരി)*

**ഹ**ദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വരിഷ്ഠസഹാബിയായിരുന്ന ഹദ്റത്ത് മാസ്റ്റർ ഖാദിർ ബഖ്ശ്(റ) (ജനനം 16.8.1870, ബയ്അത്ത് 1892, മരണം 1923)ന്റെ പുത്രനായി 1894 ജൂൺ 19-ന് ലുധിയാനയിലാണ് ഹദ്റത്ത് മൗലാനാ അബ്ദുർറഹീം സാഹിബ് ദർദ് ജനിച്ചത്. പിതാവ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ 313 ഉന്നതരായ സ്വഹാബാക്കളിൽ ഉൾപ്പെടുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചുവന്നമഷിത്തുള്ളി ദൃഷ്ടാന്തത്തിന് ദൃക്സാക്ഷിയാവാൻ ഭാഗ്യം ലഭിച്ച ഹദ്റത്ത് മൗലാനാ അബ്ദുല്ലാഹ് സാഹിബ് സനൗരി(റ) ദർദ് സാഹിബിന്റെ മാതൃസഹോദരനാണ്.



ദർദ് സാഹിബ്, അഹ്മദിയ്യാ ചുറ്റുപാടിലാണ് ശിക്ഷണം നേടിയത്. നന്നേ ചെറുപ്പത്തിൽതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സന്ദർശിക്കാനും അവിടുത്തെ ഉപദേശങ്ങൾ ശ്രവിക്കാനും സൗഭാഗ്യം ലഭിച്ചിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബാക്കളുടെ ഗണത്തിലും ദർദ് സാഹിബ് ഉൾപ്പെടുന്നു. ഉന്നത വിദ്യാഭ്യാസം നേടിയശേഷം ജീവിതം മുഴുവൻ ഇസ്ലാമിക സേവനത്തിന് വഖ്ഫ് ചെയ്യാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു.

മരണംവരെയും വഖ്ഫിൽ ഉറച്ചുനിന്ന ഈ കർമ്മധീരൻ ആത്മാർത്ഥതയുടേയും, സ്ഥൈര്യത്തിന്റേയും ജീവൽ മാതൃകയായിരുന്നു.

8 വർഷം ലണ്ടനിൽ തബ്ലീഗ് രംഗത്ത് സേവനം ചെയ്ത ദർദ് സാഹിബ് മസ്ജിദ് ഫസ്ൽ നിർമ്മാണഘട്ടത്തിലും ഉദ്ഘാടനവേളയിലും അവിടെ മുബല്ലിഗ് ആയിരുന്നു. ഒരു വലിയ ജനസമൂഹത്തെ ഇസ്ലാമിക മടിത്തട്ടിലേക്ക് നയിച്ച ദർദ് സാഹിബ് 1924-ൽ സയ്യിദുനാ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കൂടെ ലണ്ടനിലെത്തി. ഹുസൂർ തിരിച്ചുവരുമ്പോൾ, മൗലാനാ സാഹിബിനെ ഇംഗ്ലണ്ടിലെ മുബല്ലിഗ് ഇൻചാർജും, ലണ്ടൻ പള്ളി ഇമാമുമായി നിയമിച്ചു. 1928 ഒക്ടോബർ 22-ന് ഖാദിയാനിൽ തിരിച്ചെത്തിയെങ്കിലും 1933 ഫെബ്രുവരി 2-ന് ഹുസൂർ അദ്ദേഹത്തെ വീണ്ടും ഇംഗ്ലണ്ടിലേക്ക് പറഞ്ഞയച്ചു. തുടർന്ന് അഞ്ചുവർഷം അദ്ദേഹം അവിടെ തബ്ലീഗ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈ കാലത്ത് ലണ്ടൻ പത്രമാധ്യമങ്ങളിൽ ഇസ്ലാമിനെക്കുറിച്ചുള്ള ശരിയായ ചിത്രം കൊടുക്കുന്നതിൽ അദ്ദേഹം വിജയിച്ചു. വിദ്യാസമ്പന്നർ ഇസ്ലാമിക ചിന്താസരണിയെക്കുറിച്ച് ചിന്തിക്കാൻ ഇത് ഇടയാക്കി. ഇംഗ്ലണ്ട് വാസത്തിനുശേഷം ഖാദിയാനിൽ എത്തിയ മൗലാനാ സാഹിബ്, ഹുസൂറിന്റെ പ്രൈവറ്റ് സെക്രട്ടറി, തഅ്ലീം തർബിയ്യത്ത്, ഉമൂറെ ആമ, ഉമൂറെ ഖാരിജ എന്നീ വകുപ്പുകളിൽ നാസിർ, അഡീഷണൽ നാസിർ അഅ്ലാ എന്നീ നിലകളിൽ സ്തുത്യർഹമായ സേവനമാണ് കാഴ്ചവെച്ചത്. ഉമൂറെ ഖാരിജ (External Affairs) നാസിർ ആയി നീണ്ട കാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1931-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) കശ്മീർ കമ്മിറ്റി പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മൗലാനാ ദർദ് സാഹിബായിരുന്നു സെക്രട്ടറി.

ഖാഇദെ അഅ്സം മുഹമ്മദ് അലി ജിന്നയുമായി മൗലാനാ സാഹിബിന് അടുത്ത സൗഹൃദം ഉണ്ടായിരുന്നു. ജിന്ന ഒരുവേള, ഇന്ത്യയിൽനിന്ന് പിന്മാറിയപ്പോൾ വീണ്ടും അദ്ദേഹത്തെ ഇന്ത്യയിലേക്ക് അയക്കുന്നതിൽ ദർദ് സാഹിബിന് നിർണായക പങ്കുണ്ടായിരുന്നു. അതേക്കുറിച്ച് ജിന്ന ഒരു പ്രഭാഷണത്തിൽ പറഞ്ഞത് ഇങ്ങനെയാണ്. "The eloquement persuation of the Imam left me no escape" അതായത് ഇമാം സാഹിബിന്റെ വശ്യവും ആകർഷകവുമായ ആഹ്വാനം എനിക്ക് ഓടിയൊളിക്കാനുള്ള ഒരു പഴുതും ഇല്ലാതാക്കി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) നോടൊപ്പം എം.എ പാസായ ദർദ് സാഹിബ് കുറച്ചുകാലം ഹോശിയാർപൂരിൽ ഒരു ഹൈസ്കൂൾ അധ്യാപകനായും സേവനം ചെയ്തിട്ടുണ്ട്.

വിശുദ്ധ ഖുർആൻ ഇംഗ്ലീഷ് വിവർത്തന സമിതിയിലും ദർദ് സാഹിബ് അംഗമായിരുന്നു. ഹദ്റത്ത് മൗലാനാ ശേർഅലി സാഹിബ്(റ), ഹദ്റത്ത് മലിക് ഗുലാം ഫരീദ് സാഹിബ്, ചൗധരി അബുൽഹാശിം സാഹിബ്, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എന്നിവരായിരുന്നു മറ്റംഗങ്ങൾ.

ദർദ് സാഹിബിനെ അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ദർദ് സാഹിബിനെ ഇംഗ്ലണ്ടിലേക്ക് അയക്കുമ്പോൾ നൂറു രൂപയായിരുന്നു മാസശമ്പളം. ചന്ദയും മറ്റും കിഴിച്ച് 60 രൂപയാണ് കിട്ടിയിരുന്നത്. അതിൽ നല്ലൊരു പങ്ക് അദ്ദേഹം മാതാവിന് അയച്ചുകൊടുത്തിരുന്നു. 2 ഭാര്യമാരാണ് ഉണ്ടായിരുന്നത്. രണ്ടുപേരിലും നാലഞ്ച് മക്കൾവീതം ഉണ്ടായിരുന്നു. രണ്ടുപേർക്കും മക്കൾക്കുമായി 14 രൂപ വീതം കൊടുത്തിരുന്നു. നോക്കുക... എം.എ. പാസായ ഒരു വ്യക്തി. സബ്ജഡ്ജിയാകാൻ ഓഫർ കിട്ടിയിട്ടും തബ്ലീഗിന്റെ മാർഗ്ഗം തിരഞ്ഞെടുത്തു. ദർദ് സാഹിബ് സേവനത്തിനു വരുമ്പോൾ വലിയ പ്രായമൊന്നും ഇല്ലായിരുന്നു. പക്ഷേ, വലിയ വലിയ ഓഫീസർമാരുടെ അടുക്കൽ ചെന്നാലും വിജയപൂർവ്വം നിയോഗോദ്ദേശ്യം പൂർത്തിയാക്കി തിരിച്ചുവന്നിരുന്നു......"

ദർദ് സാഹിബിന് 2 ഭാര്യമാരിലുമായി 14 മക്കൾ ഉണ്ടായിരുന്നു. ആറ് ആൺമക്കളും എട്ട് പെൺമക്കളും.

അല്ലാഹു മൗലാനാ സാഹിബിന് സ്വർഗ്ഗത്തിൽ ഉന്നതസ്ഥാനം നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

*(അവതരണം: താരീഖെ അഹ്മദിയ്യത്ത്, വോള്യം-18,)*

# നബിതിരുമേനി(സ)യുടെ ഖലീഫമാർ

**ഇബ്നു മുഹമ്മദ്**

"**നി**ങ്ങളിൽനിന്നു വിശ്വസിക്കുകയും, സൽക്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ളവരെ ഖലീഫമാരാക്കിയതുപോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ അവർക്ക് പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്ക് പകരം നൽകുകയും ചെയ്യുന്നതാണ്." (വി.ഖു)

ഈ വാഗ്ദാനപ്രകാരം നബി(സ) തിരുമേനിക്കുശേഷം ഇസ്ലാമിൽ ഖലീഫമാരുണ്ടായി. ആദ്യ നാലു ഖലീഫമാരുടെ കാലഘട്ടത്തെയാണ് ഖിലാഫത്തെ റാശിദ എന്നു നാം പറയുന്നത്. നബിതിരുമേനിക്കുശേഷം ഈ നാലു ഖലീഫമാരുടെ കാലഘട്ടമാണ് ഇസ്ലാമിന്റെ സുവർണ്ണകാലഘട്ടം. അതിനുശേഷം ഖിലാഫത്തിന് അപചയമുണ്ടാകുകയും അത് രാജവാഴ്ചയിലേക്കും സ്വേച്ഛാധിപത്യത്തിലേക്കും എത്തിച്ചേരുകയുമാണുണ്ടായത്.

എ.ഡി. 632-ൽ നബി(സ) തിരുമേനിയുടെ വഫാത്തിനുശേഷം അദ്ദേഹത്തിനെ ആദ്യം വിശ്വസിച്ച ഹദ്റത്ത് അബൂബക്കർ(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. നബിതിരുമേനിയുടെ സന്തതസഹചാരിയായിരുന്ന ഇദ്ദേഹം സമാധാനകാലത്തും യുദ്ധകാലത്തും ഒരുപോലെ നബിയോടൊപ്പം നിലയുറപ്പിച്ച വ്യക്തിയാണ്. കൂടിയാലോചന ആവശ്യമുള്ള എല്ലാ കാര്യങ്ങളിലും നബിതിരുമേനി ഹദ്റത്ത് അബൂബക്കർ(റ)യുമായി കൂടിയാലോചിച്ചിരുന്നു. വളരെ ധർമ്മിഷ്ഠനായ അദ്ദേഹം ധനത്യാഗരംഗത്ത് എന്നും മറ്റുള്ളവരെ കവച്ചുവയ്ക്കുന്ന രീതിയാണ് അവലംബിച്ചത്. ഒരു യുദ്ധാവസരത്തിൽ പണത്തിന് ആവശ്യം നേരിട്ടപ്പോൾ ഹദ്റത്ത ഉമർ(റ) തന്റെ വീട്ടിലുള്ളതിന്റെ പകുതി നബിക്ക് കാഴ്ചവച്ചപ്പോൾ ഹദ്റത്ത് അബൂബക്കർ(റ) അവിടെയും ഒന്നാമതെത്തി. അദ്ദേഹം തന്റെ മുഴുവൻ സമ്പാദ്യവും നൽകുകയായിരുന്നു.

ഹദ്റത്ത് അബൂബക്കർ(റ) ഖലീഫ സ്ഥാനം ഏറ്റെടുത്ത അവസരം വളരെയധികം വിഷമം പിടിച്ചതായിരുന്നു. നബിയുടെ വഫാത്തിനുശേഷം അൽഹിജാസ് പ്രദേശത്തിനു പുറത്തുള്ള അറബികൾക്കിടയിൽ വീണ്ടും കുഴപ്പം തലപൊക്കാനാരംഭിച്ചു. നബിതിരുമേനിയുടെ കാലഘട്ടത്തിൽ ഇസ്ലാം മതം സ്വീകരിച്ച പല ഗോത്രങ്ങളും സ്വന്തം നേതാക്കന്മാരുടെ കീഴിൽ പ്രവർത്തിക്കാനാരംഭിച്ചു. ഗോത്രനേതാക്കന്മാരുടെ രാഷ്ട്രീയ ലക്ഷ്യമാണ് ഇതിനു കാരണം. ഖലീഫയുടെ നേതൃത്വം സ്വീകരിക്കുന്നതിനു പകരം അവർ സ്വന്തം പ്രതാപം നിലനിർത്താനാണ് ആഗ്രഹിച്ചത്.

ഇസ്ലാംമതം സ്വീകരിച്ച പല ഗോത്രനേതാക്കന്മാരും ഇസ്ലാമിന്റെ അടിസ്ഥാനതത്വങ്ങൾ ഉൾക്കൊണ്ടിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. അതുവരെ അവർ പുലർത്തിപ്പോന്ന പല ധാരണകളും അബദ്ധങ്ങളാണെന്ന് ഇസ്ലാം സിദ്ധാന്തിച്ചപ്പോൾ അതവർക്ക് അംഗീകരിക്കാൻ പ്രയാസമുള്ളതായിരുന്നു. ഇസ്ലാംമതം ആവിർഭവിക്കുന്നതുവരെ പരസ്പരയുദ്ധം ചെയ്യുകയും അതിൽനിന്നുള്ള ആദായം ജീവിതമാക്കിമാറ്റുകയും ചെയ്തിരുന്ന അറബികൾക്ക് ഇസ്ലാം അത്തരം യുദ്ധം നിഷിദ്ധമാക്കിയപ്പോൾ അംഗീകരിക്കാൻ പ്രയാസമായി. അതുപോലെ സക്കാത്ത് വ്യവസ്ഥിതിയിലൂടെ ധനവിനിയോഗത്തിനുമേൽ സാമൂഹികനിയന്ത്രണം വന്നത് യാതൊരുവിധ നിയന്ത്രണവുമില്ലാതെ സ്വകാര്യസ്വത്ത് വിനിയോഗിച്ചിരുന്ന അവർക്ക് താങ്ങാനായില്ല. കൂടാതെ ജീവിതത്തിന്റെ നാനാതുറകളിലും ഇസ്ലാം സമൂലപരിവർത്തനം കൊണ്ടുവന്നു. മദ്യപാനവും, വ്യഭിചാരവും നിരോധിക്കപ്പെട്ടതോടെ അതുവരെ അതിൽ മതിമറന്നിരുന്നവർ പ്രത്യേകിച്ച് ഗോത്രനേതാക്കൾ അസ്വസ്ഥരായി. പക്ഷേ, നബി(സ) തിരുമേനിയുടെ പ്രൗഢിയും ത്യാഗോജ്ജ്വലമായ ജീവിതവും അറബികളെ ഇസ്ലാമിക ചട്ടക്കൂടിനുള്ളിൽ ജീവിക്കാൻ നിർബന്ധിതരാക്കുകയായിരുന്നു. സാധാരണ ജനങ്ങൾ ഇസ്ലാമിനെ തങ്ങളുടെ അത്താണിയായി കണ്ടപ്പോൾ ഗോത്രനേതാക്കൾക്കും തങ്ങളുടെ അസൂയ കടിച്ചമർത്തി ജീവിക്കേണ്ടിവരികയായിരു

*(ശേഷം 6-ാം പേജിൽ)*

# അത്ഫാലുൽ അഹ്മദിയ്യാ പ്രാദേശിക കേമ്പ്



**കൂടാളി, ജൂൺ 2 :** അത്ഫാലുൽ അഹ്മദിയ്യാ കൂടാളിയുടെ ആഭിമുഖ്യത്തിൽ പ്രാദേശികതലത്തിൽ അത്ഫാലുൽ അഹ്മദിയ്യായുടെ ഒരു കേമ്പ് സംഘടിപ്പിക്കുകയുണ്ടായി. ളുഹർ നമസ്കാരാനന്തരം രണ്ടുമണിക്ക് പരിപാടി ആരംഭിച്ചു. പ്രാദേശിക ഖാഇദ് കെ. നസീം അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. ജമാഅത്ത് പ്രസിഡന്റ് ജനാബ് സി.എം. ഹസ്സൻ സാഹിബ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും കുട്ടികൾക്ക് വേണ്ട ഉപദേശങ്ങൾ നല്കുകയും ചെയ്തു. തുടർന്ന് മൗലവി കെ. അബ്ദുസ്സലാം സാഹിബ് ആശംസകൾ നേർന്നു. 'ഓർമ്മകളിൽ ചിലത്' എന്ന പരിപാടിയിൽ ജനാബ് എം.ടി. അഹ്മദ് സാഹിബ് തന്റെ ജീവിതാനുഭവങ്ങൾ വിവരിച്ചു. ജമാഅത്തിൽ പ്രവേശിച്ചതിന്റെ പേരിൽ ഒട്ടേറെ ത്യാഗങ്ങൾ വരിക്കേണ്ടിവന്ന ഒരു സഹോദരനാണദ്ദേഹം. അസ്ർ നമസ്കാരത്തിനുശേഷം കായിക പരിപാടികൾ നടത്തി. മഗ്രിബ് നമസ്കാരാനന്തരം വൈജ്ഞാനിക മത്സരപരിപാടികളും നടന്നു.

എല്ലാ നേരവും പള്ളിയിൽവച്ചുതന്നെ ഭക്ഷണവും ഉണ്ടായിരുന്നു. മുഴുവൻ അത്ഫാലുകളും അത്യുത്സാഹത്തോടെയാണ് പരിപാടികളിൽ പങ്കെടുത്തത്. രാത്രി പള്ളിയിൽ ചെലവഴിച്ചു, സുബ്ഹി നമസ്കാരത്തിനുശേഷം സമ്മാനദാനം നടത്തി. ഹസീൻ ബിലാലിനെ കേമ്പിലെ മികച്ച അത്ഫാലായി തിഞ്ഞെടുത്തു. വിജയികൾക്കുള്ള സമ്മാനങ്ങൾ പ്രസിഡന്റ് സാഹിബ് നല്കുകയുണ്ടായി. മൗലവി കെ. അബ്ദുസ്സലാം സാഹിബിന്റെ ദുആയോടുകൂടി പരിപാടി സമാപിച്ചു.

# ഖുർആൻ


“പലിശമുതൽ ഭക്ഷിക്കുന്നവർ ഭ്രാന്താകുന്ന പിശാച് ശക്തമായ ആഘാതമേൽപിച്ച ഒരുവൻ എഴുന്നേൽക്കുന്നതുപോലെയല്ലാതെ എഴുന്നേൽക്കുന്നതല്ല. അതിനു കാരണം, വ്യാപാരം പലിശപോലെതന്നെയാണ് എന്ന് അവർ പറയുന്നുവെന്നുള്ളതത്രെ. എന്നാൽ, അല്ലാഹു വ്യാപാരത്തെ അനുവദിക്കുകയും പലിശ നിരോധിക്കുകയും ചെയ്തിരിക്കുന്നു.” (2:276)

# നബിവചനം

“**ഏ**തൊരാൾ മനുഷ്യരോട് നന്ദി കാണിക്കുന്നില്ലയോ അയാൾ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.” (തിർമിദി)

“അസൂയയെ സൂക്ഷിച്ചുകൊൾക. എന്തെന്നാൽ തീ വിറകിനേയും വൈക്കോലിനേയം തിന്നുന്നതുപോലെ അസൂയ നിങ്ങളുടെ സൽക്കർമ്മങ്ങളെ തിന്നുകളയും. (അബൂദാവൂദ്)

# യുഗശബ്ദം



**ഞാ**ൻ പാപങ്ങളിൽനിന്നകന്നു നിൽക്കും എന്നു തുടങ്ങിയ ബയ്അത്തിലെ വാചകങ്ങൾ കേവലം വായകൊണ്ടു പറയുന്നത് മതിയായതല്ലെന്ന കാര്യം എപ്പോഴും ഓർമ്മിക്കുക. അതിന്റെ ആവർത്തനം കൊണ്ട് അല്ലാഹു തൃപ്തിപ്പെടുകയുമില്ല. പ്രത്യുത മനസ്സിന് മാറ്റവും ദൈവഭയവും ഉണ്ടാകുമ്പോഴാണ് നിങ്ങൾ അല്ലാഹുവിന്റെ പക്കൽ പരിഗണനാർഹരായിത്തീരുന്നത്. ഇവിടെനിന്ന് ബയ്അത്ത് ചെയ്യുകയും വീട്ടിൽ തിരിച്ചെത്തുമ്പോൾ പഴയ ദുസ്വഭാവങ്ങളെല്ലാം പുറത്തുവരികയും ചെയ്താൽ ബയ്അത്തുകൊണ്ട് എന്തു ഫലം. പാപങ്ങളിൽനിന്നെല്ലാം രക്ഷപ്പെടാനുള്ള ഏറ്റവും വലിയ മാർഗ്ഗമാണ് ദൈവഭയം. ഇതില്ലെങ്കിൽ ഹൽവയുടെമേൽ ഉറുമ്പ് അള്ളിപ്പിടിച്ചിരിക്കുന്നതു പോലെ അള്ളിപ്പിടിച്ചിരിക്കുന്ന പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ മനുഷ്യന് സാധ്യമല്ല. ഭയമുള്ള മൃഗങ്ങളും ആർക്കും ഒരു ദോഷവും വരുത്തുകയില്ല. ഉദാഹരണമായി പൂച്ചയെ നോക്കുക. പൂച്ചയ്ക്ക് പാലിനോട് അത്യാർത്തിയാണ്. എങ്കിലും പാലിന്നടുത്ത് ചെന്നാൽ ശിക്ഷ കിട്ടും എന്നു മനസ്സിലായാൽ അത് അതിന്റെ യടുത്ത് പോവുകയില്ല. അതുപോലെ ധാന്യങ്ങളുടെയടുത്ത് പോകുന്നത് ജീവന് അപകടമാണെന്നറിഞ്ഞാൽ പക്ഷികൾ ആ പരിസരത്ത് എത്തുകയില്ല. ഇതിനു കാരണം ഭയമൊന്നുമാത്രമാണ്. അപ്പോൾ ബുദ്ധിയില്ലാത്ത മൃഗങ്ങളും പക്ഷികളുംപോലും വളരെ സൂക്ഷിച്ചു പ്രവർത്തിക്കുന്നതായി നാം കാണുന്നു. മനുഷ്യൻ ബുദ്ധിമാനാണ്. അങ്ങനെ വരുമ്പോൾ അവൻ എത്രമാത്രം ഭയപ്പെടുകയും നിഷിദ്ധകാര്യങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കുകയും ചെയ്യേണ്ടതാണ്. അവന് ഭയമുണ്ടാകുമ്പോൾ കുറ്റം ചെയ്യാൻ മുതിരുകയില്ലെന്ന കാര്യം വ്യക്തമാണല്ലോ. ഉദാഹരണമായി പ്ലേഗ് ബാധിച്ച സ്ഥലത്തുപോകാൻ ആരോടെങ്കിലും പറഞ്ഞാൽ ആരും അവിടെ പോകാൻ ധൈര്യപ്പെടുകയില്ല. ഭരണാധികാരികൾ കല്പിച്ചാൽപോലും ഭയത്തോടുകൂടി മാത്രമേ ആരും അവിടെ പോകൂ. അതിനുകാരണം തനിക്കെങ്ങാനും അത് ബാധിച്ചേക്കുമോ എന്ന ശങ്കയുള്ളതാണ്. തന്നിലർപ്പിതമായ ജോലി എത്രയും വേഗം ചെയ്തുതീർത്ത് അവിടെനിന്ന് സ്ഥലം വിടാനായിരിക്കും അയാൾ ആഗ്രഹിക്കുക. ഇതിൽനിന്ന് പാപം ചെയ്യാനുള്ള കാരണം ദൈവഭയത്തിന്റെ അഭാവമാണെന്ന് മനസ്സിലാകുന്നു. പക്ഷേ, ആ ഭയം എങ്ങനെയാണുണ്ടാവുക. അതിന് ഈശ്വരജ്ഞാനം അത്യന്താപേക്ഷിതമാണ്. ഈശ്വരജ്ഞാനം വർദ്ധിക്കുന്നതനുസരിച്ച് ദൈവഭയവും വർദ്ധിക്കും.

അറിഞ്ഞുകഴിഞ്ഞാൽ മനുഷ്യൻ ചെറിയ ചെറിയ കീടങ്ങളെപോലും ഭയപ്പെടും. തേൾ, കൊതുക് എന്നിവയെക്കുറിച്ച് അറിവുള്ള മനുഷ്യൻ എങ്ങനെയും അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കും. അപ്പോൾ എല്ലാം അറിയുന്നവനും കാണുന്നവനും ആകാശഭൂമികളുടെ ഉടമസ്ഥനും സർവ്വശക്തനുമായ അല്ലാഹു ഉണ്ടായിട്ടും അവന്റെ കല്പനയെ ധിക്കരിക്കാൻ മനുഷ്യൻ ഇത്രമാത്രം ധർഷ്ട്യം കാണിക്കുന്നതെന്തുകൊണ്ടാണ്. ചിന്തിച്ചുനോക്കിയാൽ ഈശ്വരജ്ഞാനമില്ലാത്തതാണ് അതിനു കാരണമെന്ന് മനസ്സിലാകുന്നതാണ്.

നാവുകൊണ്ട് ദൈവത്തെ അംഗീകരിക്കുന്നവർ അസംഖ്യമുണ്ട്. എന്നാൽ, അവരുടെ മനസ്സ് പരിശോധിച്ചാൽ അതിനുള്ളിൽ നിരീശ്വരത്വമാണ്. എന്തുകൊണ്ടെന്നാൽ ഭൗതിക കാര്യങ്ങളിൽ മുഴുകുമ്പോൾ അല്ലാഹുവിന്റെ കോപവും പ്രൗഢിയും മറന്നുപോകുന്നു. അതുകൊണ്ട് അല്ലാഹുവിനെ കുറിച്ചുള്ള ജ്ഞാനം അല്ലാഹുവിനോടുതന്നെ ചോദിക്കേണ്ടതാണ്. ഇതുകൂടാതെ വിശ്വാസം പൂർണ്ണമാവുകയില്ല. അല്ലാഹുവുമായുള്ള അകൽച്ച ഒരു മരണമാണെന്ന് അറിയുമ്പോഴാണ് അത് ലഭ്യമാകുന്നത്. പാപങ്ങളിൽനിന്ന് രക്ഷപ്പെടാൻ പ്രാർത്ഥിക്കുന്നതോടൊപ്പം കാര്യസിദ്ധിക്കുള്ള വഴികൾ കയ്യൊഴിക്കാനും പാടില്ല. പാപം ചെയ്യാൻ പ്രേരണ നൽകുന്ന എല്ലാ സദസ്സുകളും ഇരിപ്പിടങ്ങളും വർജ്ജിക്കുക. മനുഷ്യന് നേരിടുന്ന ആപത്തുകളിൽ നിന്ന് ദൈവസഹായമില്ലാതെ രക്ഷ കിട്ടുകയില്ല. ഇക്കാര്യം നല്ലവണ്ണം മനസ്സിലാക്കുക. (തഖ്രീരോംകെ മജ്മൂആ)

---

*(5-ാം പേജിൽനിന്ന്)*

ന്നു.

നബി(സ) തിരുമേനിക്ക് ലഭ്യമായ അത്ഭുതാവഹമായ പ്രശസ്തിയും ജനപ്രീതിയും ചില ഗോത്രനേതാക്കന്മാരെ അസൂയാലുക്കളാക്കിമാറ്റി. അത്തരത്തിലുള്ള പലരും നബിയുടെ കാലശേഷം സ്വയം പ്രവാചകന്മാരായി രംഗത്തുവരികയും സ്വന്തം നിലയിൽ ഭരണം നടത്താൻ തുനിയുകയും ചെയ്തു. നബിയുടെ കാലത്തുതന്നെ മുസൈലിമ സ്വയം പ്രവാചകനാണെന്ന് വാദിച്ച് രംഗത്ത് വന്നിട്ടുണ്ടായിരുന്നു. അയാൾ ഇസ്ലാമിക സ്റ്റേറ്റിൽ തന്റെ അനുയായികൾക്ക് പ്രത്യേകം പെരുമാറ്റച്ചട്ടങ്ങൾ നിർമ്മിക്കുകപോലുമുണ്ടായി.

മുസ്ലിംകളുടെ ഇടയിൽ നിന്നുകൊണ്ട് വിഭാഗീയതയുടെ വിത്തുപാകിയ ഇത്തരം പ്രവർത്തനങ്ങളും സക്കാത്ത് നൽകാൻ തയ്യാറാകാതെ നടന്ന ചിലരുടെ രീതിയും ഹദ്റത്ത് അബൂബക്കർ(റ)ന് ഖലീഫ എന്ന നിലയിൽ നേരിടേണ്ടിവന്ന ആഭ്യന്തരമായ വൻപ്രതിസന്ധിയായിരുന്നു. അദ്ദേഹം ആദ്യമായി ഇതിനെ അമർച്ച ചെയ്യാനുറച്ചു. മുസ്ലിം സമൂഹത്തിന്റെ ഉന്നതിക്കും ഇസ്ലാമിന്റെ സംരക്ഷണത്തിനും എന്തു ത്യാഗം സഹിക്കാനും തയ്യാറാണെന്ന് പ്രഖ്യാപിച്ച അദ്ദേഹം ഈ പ്രശ്നങ്ങൾ അമർച്ച ചെയ്യാനായി സൈന്യത്തെ അയക്കുകയാണുണ്ടായത്. അദ്ദേഹം സൈന്യത്തെ പല ഭാഗങ്ങളിലായി തിരിച്ച് അറേബ്യയുടെ പല ഭാഗങ്ങളിലും നിയോഗിച്ചു.

ആഭ്യന്തര കലാപങ്ങൾ അമർച്ച ചെയ്തതിനു ശേഷം പുറത്തുനിന്നുള്ള ശത്രുക്കളുടെ ഭീഷണിയെ ഇല്ലാതാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇസ്ലാമിക സാമ്രാജ്യത്തിനെതിരെ തിരിഞ്ഞ സാമ്രാജ്യങ്ങളെ പരാജയപ്പെടുത്താൻ അദ്ദേഹത്തിന്നായി.

വിശുദ്ധഖുർആന്റെ ക്രോഡീകരണമാണ് അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിലെ ഏറ്റവും ശ്രദ്ധേയമായ നേട്ടമായി കണക്കാക്കുന്നത്.

ഹദ്റത്ത് അബബൂക്കർ(റ) ന്റെ കാലശേഷം ഹദ്റത്ത് ഉമറൂൽ ഫാറൂഖ്(റ) രണ്ടാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. നബി(സ) തിരുമേനിയുടെ കടുത്ത ഒരു എതിരാളിയായിരുന്ന ഇദ്ദേഹം പിന്നീട് ഇസ്ലാം മതം സ്വീകരിക്കുകയും ഇസ്ലാമിനുവേണ്ടി ജീവിക്കുകയും ചെയ്ത വ്യക്തിയാണ്. നബിതിരുമേനിയോടൊപ്പം എല്ലാ യുദ്ധങ്ങളിലും പങ്കെടുക്കുകയുണ്ടായി.

എ.ഡി. 634-ൽ ഉമർ(റ) ഖലീഫ സ്ഥാനത്തേക്ക് അവരോധിക്കപ്പെടുമ്പോൾ മുസ്ലിംകൾ ചരിത്രത്തിലെ തന്നെ ഒരു വിധിനിർണ്ണായകമായ ഘട്ടത്തെ അഭിമുഖീകരിക്കുകയായിരുന്നു. അക്കാലത്തെ രണ്ട് പ്രമുഖ സാമ്രാജ്യങ്ങളായ റോമക്കാരോടും പേർഷക്കാരോടും യുദ്ധം ആരംഭിച്ച ഘട്ടത്തിലാണ് അദ്ദേഹം ഖലീഫയാകുന്നത്. അക്കാലഘട്ടത്തിൽ ഖലീഫ ഭരണാധിപൻ കൂടിയാണ്.

ഉമർ(റ) തന്റെ ശക്തമായ നേതൃത്വത്തിലൂടെ രണ്ട് സാമ്രാജ്യങ്ങളേയും പരാജയപ്പെടുത്തുകയും അറേബ്യൻ സാമ്രാജ്യം വികസിപ്പിക്കുകയും ചെയ്തു.

ഖലീഫയുടെ ഒരു കൂടിയാലോചന സമിതി, മജ്ലിസ് ശൂറാ എന്നൊരു സംവിധാനം അദ്ദേഹം കൊണ്ടുവരികയായിരുന്നു.

സുശക്തമായ ഭരണസംവിധാനം ലോകത്തിന് അദ്ദേഹം പ്രദാനം ചെയ്യുകയുണ്ടായി. അനുദിനം വികസിച്ചുവന്ന അറേബ്യൻ സാമ്രാജ്യത്തിന് സുശക്തമായ ഒരു ഭരണസംവിധാനം ഒരുക്കുക എന്ന ദുഷ്കരമായ ദൗത്യം അദ്ദേഹം ഒരു വെല്ലുവിളി പോലെ ഏറ്റെടുത്തു. വിശുദ്ധഖുർആന്റേയും നബിചര്യകളുടേയും അടിസ്ഥാനത്തിൽ അറേബ്യൻ ജനതയുടെ ക്ഷേമം ലക്ഷ്യമാക്കിയുള്ള ഒരു ഭരണസംവിധാനം സൃഷ്ടിക്കാനാണ് അദ്ദേഹം ശ്രദ്ധിച്ചത്. നീതിനിഷ്ഠനും ദീർഘദർശിയുമായ ഒരു ഭരണാധികാരിയായി ചരിത്രം അദ്ദേഹത്തെ കണക്കാക്കി. ഭരണസൗകര്യത്തിനായി ശക്തമായ ഒരു കേന്ദ്രഭരണത്തിൻ കീഴിൽ സാമ്രാജ്യത്തെ പല പ്രവിശ്യകളായി വിഭജിക്കുകയും ഓരോ പ്രവിശ്യയും ഓരോ ഗവർണറുടെ കീഴിലാക്കുകയും ചെയ്തു.

രാജ്യത്തിന്റെ സാമ്പത്തികഭദ്രത ലക്ഷ്യമാക്കി നികുതിപിരിവിന് പ്രത്യേക മാനദണ്ഡമുണ്ടാക്കി. വരുമാനത്തിനനുസരിച്ച് നികുതി പിരിക്കുന്നതിന് ഉദ്യോഗസ്ഥരെ അദ്ദേഹം നിയമിച്ചു. അതോടൊപ്പം ക്രമരഹിതമായി ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ട് നികുതിപിരിച്ചിരുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കാനും അദ്ദേഹം മറന്നില്ല. പാവങ്ങളേയും പ്രായമുള്ളവരേയും അവർ അമുസ്ലിംകളായാൽപോലും നികുതി നൽകുന്നതിൽ നിന്നും അദ്ദേഹം ഒഴിവാക്കി.

രാജ്യത്തിന്റെ പുരോഗതി അവിടുത്തെ ജനങ്ങളുടെ ക്ഷേമമമാണ് എന്നു വിശ്വസിച്ച ഉമർ(റ) അവരുടെ ക്ഷേമത്തിനായി ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ചു. ജനങ്ങളുടെ ക്ഷേമത്തിന്നായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച അദ്ദേഹം അവർക്കുവേണ്ടി പ്രത്യേക ധനവകുപ്പുതന്നെ സ്ഥാപിക്കുകയുമുണ്ടായി. ഭരണരംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്ത അദ്ദേഹം മതപ്രബോധനരംഗത്ത് തന്റെ കർത്തവ്യം കൃത്യമായി നിർവ്വഹിച്ചുപോന്നു. രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ പള്ളികൾ സ്ഥാപിച്ചു. മറ്റു മതസ്ഥരെ ഇസ്ലാമിലേക്ക് ആകർഷിക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം മുസ്ലിംകളുടെ ധാർമ്മികതയിലധിഷ്ഠിതമായ ജീവിതമാണെന്ന് ഉറച്ചുവിശ്വസിച്ച അദ്ദേഹം അതിന്നായി മുസ്ലിംകളെ പ്രേരിപ്പിച്ചുകൊണ്ടിരുന്നു.

ഉമർ(റ)വിന്റെ കാലഘട്ടത്തിലാണ് ഹിജ്റ കലണ്ടർ നിലവിൽ വന്നത്. ദയാലുവും, ധൈര്യശാലിയും, സത്യസന്ധനുമൊക്കെയായിരുന്ന ഉമർ(റ) ഒരു പേർഷ്യൻ അടിമയുടെ കഠാരകൊണ്ടുള്ള ആക്രമണത്തിന് ഇരയാവുകയും ഒടുവിൽ 63-ാം വയസ്സിൽ വഫാത്താവുകയും ചെയ്തു.

എ.ഡി. 644-ലാണ് ഹദ്റത്ത് ഉസ്മാൻ(റ) ഖിലാഫത്തെ റാശിദയിലെ മൂന്നാമനായി ഖലീഫസ്ഥാനത്തേക്ക് വരുന്നത്. ഉമർ(റ) തന്റെ വഫാത്തിന് തൊട്ടുമുമ്പ് ഖലീഫയെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു കൗൺസിലിനെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കൗൺസിലാണ് ഹദ്റത്ത് ഉസ്മാൻ(റ)നെ മൂന്നാം ഖലീഫയായി തിരഞ്ഞെടുത്തത്. ഒന്നാം ഖലീഫ ഹദ്റത്ത് അബൂബക്കർ(റ)ന്റെ മതപ്രചാരണം കാരണമായാണ് ഉസ്മാൻ(റ) ഇസ്ലാം സ്വീകരിച്ചത്. നബിതിരുമേനിയെ നാലാമതായി വിശ്വ

*(ശേഷം 7-ാം പേജിൽ)*

---

*(4-ാം പേജിൽനിന്ന്)*

ന്നോർത്തുകൊള്ളാൻ അല്ലാഹു പറയുന്നു. അവൻ നിങ്ങളോടും കാഠിന്യത്തോടെ പെരുമാറുന്നതാണ്. അതുകൊണ്ട് അല്ലാഹുവിനോടുള്ള ഭയവും അവനോടുള്ള തഖ്വയും വളരെ പ്രധാനപ്പെട്ട കാര്യമാണ്.

ആരുടെയെങ്കിലും കൈയിൽനിന്ന് കടം വാങ്ങിയിട്ട് മടക്കിത്തരാൻ എന്റെ കൈയിൽ പണമില്ല എന്ന് കടം വാങ്ങിയവനും പറയാൻ പാടില്ല. അയാളും ഇക്കാര്യം ശ്രദ്ധിക്കാൻ ബാധ്യസ്ഥനാണ്. ഏതെങ്കിലും കരാറിൽ സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ കരാർ നിറവേറ്റേണ്ടത് അത്യാവശ്യമാണ്. തന്ത്രങ്ങൾ കാണിക്കുന്നതിനു പകരം എങ്ങനെയെങ്കിലും കടം വീട്ടാൻ ശ്രമിക്കേണ്ടതാണ്. ഇനി കടം വീട്ടാൻ കഴിയുന്നില്ലെങ്കിൽ സത്യമായനിലയിൽ എല്ലാ അവസ്ഥയും കടം തന്നയാളെ അറിയിക്കണം. അയാളിൽനിന്ന് അവധി നീട്ടിവാങ്ങണം. ഇക്കാര്യങ്ങളാണ് രണ്ടുപേർക്കും പരസ്പരം ഐക്യത്തോടുകൂടി ജീവിക്കുന്നതിനും സ്നേഹം വർദ്ധിക്കുന്നതിനും ഇടയായിത്തീരുന്നത്. പരസ്പരം വഞ്ചിക്കാൻ പാടില്ല. താൻ പാവത്താനായതുകൊണ്ട് അല്ലാഹു പൊറുത്തുതരുമെന്ന് കടം വാങ്ങിയ ആൾ കരുതുകയാണെങ്കിൽ ആ രീതി ശരിയല്ല. അയാൾ അസത്യവാനാണ്. അസത്യവാൻ എപ്പോഴും അല്ലാഹുവിന്നെതിരിൽ എഴുന്നേറ്റു നില്ക്കും. അത് അല്ലാഹു വെറുക്കുന്നു. കടം കൊടുക്കുന്നയാൾ, താൻ കടം വാങ്ങിയ ആളിന്റെ സ്ഥാനത്തായിരിക്കുകയും തന്റെ അവസ്ഥ മോശമാകുകയും ചെയ്യുകയാണെങ്കിൽ തനിക്ക് കടം തന്നയാൾ തന്നോട് വിനീതമായി പെരുമാറിയിരുന്നെങ്കിൽ എന്ന് പ്രതീക്ഷിക്കുമായിരുന്നില്ലേ? കാലാവധി നീട്ടിക്കിട്ടിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുമായിരുന്നില്ലേ? ഈ രീതിയിൽ നല്ലവണ്ണം ചിന്തിച്ച് കടം വാങ്ങിയ ആളോട് പെരുമാറേണ്ടതാണ്. ഇപ്രകാരംതന്നെ കടം വാങ്ങിയ ആൾ, കടം കൊടുത്തയാളുടെ സ്ഥാനത്ത് തന്നെ കണ്ടുകൊണ്ട് വാങ്ങിയ ആൾ തനിക്ക് പണം തിരിച്ചുതന്നില്ലെങ്കിൽ എന്താകുമായിരുന്നുവെന്നും തനിക്ക് അത് സഹിക്കാൻ കഴിയുമായിരുന്നോ എന്നും ചിന്തിക്കണം. ഇരുഭാഗത്തും ഇത്തരം ചിന്താഗതിയുണ്ടാകുകയാണെങ്കിൽ തീർച്ചയായുമത് സൽഫലമുളവാക്കുന്നതായിത്തീരുന്നതാണ്. അങ്ങനെ പരസ്പരമുള്ള ബന്ധവും ഉത്തമമായിത്തീരും.

(ഖുത്ബ)

**മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, അത്ഫാൽ അഹ്മദിയ്യാ അഖിലേന്ത്യാ ഇജ്തിമാഅ്**

**ഒക്ടോബർ 22, 23, 24 തീയതികളിൽ**

**ഖാദിയാൻ ദാറുൽഅമാനിൽ**

## പിന്നിട്ട നാളുകൾ

# ഹിദായത്തുല്ലാഖാൻ സഹാഫി

**തയ്യാറാക്കിയത് - ശംസുദ്ദീൻ**



ഒരു സുന്നികുടുംബത്തിൽ ജനിച്ച്, സുന്നി ആശയത്തിൽ വളർന്ന്, സുന്നികളുടെ മദ്രസ്സ അധ്യാപകനായി പ്രവർത്തിക്കുന്നതിന്നിടയിൽ അഹ്മദിയ്യാ ജമാഅത്തിലെത്തിച്ചേരുകയും ജമാഅത്തിന്റെ മുഅല്ലിമാവുകയും ചെയ്ത വ്യക്തിയാണ് ഹിദായത്തുല്ലാഖാൻ സഹാഫി സാഹിബ്.

ആറാം ക്ലാസ്സുവരെയാണ് സ്കൂൾ വിദ്യാഭ്യാസം. ആറാം ക്ലാസ്സിലെത്തുമ്പോഴേക്കും സ്വന്തം അമ്മാവനെ അനുകരിക്കാനുള്ള മോഹം മനസ്സിലുദിച്ചു. അമ്മാവൻ ഒരു മുസ്ല്യാരാണ്. അദ്ദേഹത്തിന്റെ വേഷവിധാനവും നടപ്പും ഒക്കെ ഹിദായത്തുല്ല എന്ന കുട്ടിയുടെ മനസ്സിനെ ഹഠാദാകർഷിച്ചു. തൂവെള്ളവസ്ത്രവും വെള്ളതലേക്കെട്ടും താടിയുമൊക്കെയായി ഖുർആൻ പഠിപ്പിച്ചു നടക്കുന്ന അമ്മാവനെപ്പോലെയാകാനുള്ള ആഗ്രഹം ഹിദായത്തുല്ലായെ പട്ടിക്കാട് പള്ളി ദർസിലെത്തിച്ചു. 1981-ലാണ് ദർസിൽ ചേർന്നത്. അന്ന് കേരളത്തിൽ സുന്നീവിഭാഗം ഒന്നേ ഉണ്ടായിരുന്നുള്ളൂ. 1989 ആകുമ്പോഴേക്കും ചിത്രം മാറി. സുന്നികൾ ഇ.കെ, എ.പി എന്നിങ്ങനെ നെടുകെ പിളർന്നു. ഹിദായത്തുല്ലായുടെ മഹല്ലിൽ ഇ.കെ വിഭാഗത്തിന് മുൻതൂക്കം ലഭിച്ചു. പക്ഷേ, ഹിദായത്തുല്ലാ എ.പിയുടെ ശക്തനായ അനുയായി ആയി മാറി. അതോടെ പള്ളിദർസിൽനിന്നും പുറത്തേക്കുള്ള പാസും ലഭിച്ചു. ഉടനെ കാരന്തൂരെത്തി എ.പിയുടെ മർക്കസ്സിൽ ചേർന്നു പഠിച്ചു. 1991-ൽ സഹാഫി ബിരുദവുമെടുത്ത് പുറത്തിറങ്ങി. അതോടെ ഹിദായത്തുല്ലാഖാൻ, ഹിദായത്തുല്ലാഖാൻ സഹാഫി എന്നറിയപ്പെട്ടു തുടങ്ങി. സഹാഫി സാഹിബ് പള്ളി മദ്രസകളിലെത്തി. ആദ്യം മംഗലാപുരത്ത് രണ്ടുമാസം. അതിനുശേഷം മിനിക്കോയ് ദ്വീപിലെത്തി. 1996 വരെ അവിടെ മദ്രസ അധ്യാപകനായി പ്രവർത്തിച്ചു. മിനിക്കോയ് ദ്വീപിലെ നിയമനമാണ് അദ്ദേഹത്തെ ജമാഅത്തിലെത്തിച്ചത്.

മിനിക്കോയ് ദ്വീപിൽ അഹ്മദിയ്യാ ജമാഅത്തുണ്ട്. അവിടെ വീടുകൾ കയറിയുള്ള തബ്ലീഗും പതിവാണ്. ഈ തബ്ലീഗ് സംഘം പല വീടുകളും കയറിയിറങ്ങി നോട്ടീസുകൾ വിതരണം ചെയ്തു. ഈ വിവരം മദ്രസ വിദ്യാർത്ഥികൾ ഉസ്താദിനോട് പറയുമായിരുന്നു. സഹാഫി എന്ന ഉസ്താദിന്റെ ചെവിയിലുമിതെത്തി. “ഖാദിയാനികൾ അത്രയ്ക്ക് വളർന്നോ?'' സഹാഫി മനസ്സാ പറഞ്ഞു. “അവരെ എതിർക്കൽ പുണ്യമാണ്. അതുകൊണ്ടുതന്നെ ഹിദായത്തുല്ല സ്വന്തത്തിൽ രംഗത്തിറങ്ങാൻതന്നെ തീരുമാനിച്ചു. മദ്രസയ്ക്കു ചുറ്റും വ്യാപിച്ചുകിടക്കുന്ന മുസ്ലിം വീടുകളിൽ അദ്ദേഹം കയറിയിറങ്ങി വീട്ടുകാരെ കാര്യം ധരിപ്പിച്ചു.

''ഖാദിയാനികൾ ഇവിടെ വന്നിരുന്നു അല്ലേ? അവർ കാഫിറുകളാണ്. അവർ തന്ന പുസ്തകമൊന്നും മറിച്ചുനോക്കുകപോലുമരുത്. ഉടനെ തിരിച്ചുകൊടുക്കണം.”

പുതിയതായി വന്ന ഈ ഉസ്താദിന്റെ പ്രവർത്തനം അഹ്മദികളറിഞ്ഞു. പലസ്ഥലങ്ങളിൽനിന്നും പുസ്തകങ്ങൾ തിരികെ ലഭ്യമായി. പക്ഷേ, അഹ്മദികൾ തളർന്നില്ല. ഒരു ചർച്ചയ്ക്കുതന്നെ അവർ തയ്യാറെടുത്തു. സഹാഫി സാഹിബിന്റെ സുഹൃത്ത് മുഖേന അദ്ദേഹത്തെ അതിന്നായി അവർ പ്രേരിപ്പിച്ചു.

‘സുന്നി മുസ്ല്യാന്മാർ’ അതിനു തയ്യാറായി. സ്നേഹിതന്റെ വീട്ടിൽ വെച്ചുതന്നെ ചർച്ച നടത്താൻ തീരുമാനിക്കപ്പെട്ടു. ഖാദിയാനികളെ മുട്ടുകുത്തിക്കാനുള്ള ആശയങ്ങൾ തപ്പിയെടുക്കാനായി പിന്നത്തെ നെട്ടോട്ടം. അങ്ങനെ പെരിന്തൽമണ്ണയിലെ അൽഅമാൻ ബുക്ക് സ്റ്റാളിലെത്തി. ഖാദിയാനികൾക്കെതിരായി എഴുതപ്പെട്ട ബുക്കുകൾക്കായി പരതി. ഒടുവിൽ ഇശാഅത്തുകാരുടെ ഖതമന്നുബുവ്വത്ത് എന്ന ഒരു പുസ്തകം ലഭ്യമായി. അതു വായിച്ചുപഠിച്ചു. അഹ്മദികളെ പ്രതിനിധാനം ചെയ്തത് ജലാലുദ്ദീൻ സാഹിബ്. സഹാഫി സാഹിബ് തന്റെ ഒരു സഹപ്രവർത്തകനേയും ഒപ്പം കൂട്ടിയിരുന്നു.

‘ഈസാനബിയുടെ മരണം’ എന്ന വിഷയമാണ് ചർച്ചയ്ക്കായി ആദ്യമെടുത്തത്. ജലാലുദ്ദീൻ സാഹിബ് ഖുർആനിലെ ആയത്തുകളനുസരിച്ച് ഈസാനബി മരിച്ചതായി സ്ഥാപിച്ചു. എല്ലാ നബിമാരും മരിച്ചുകഴിഞ്ഞിട്ടുണ്ടെന്നും ഈസാനബിയെ മരിക്കാതെ ആകാശത്ത് ഉയർത്തുന്നത് അല്ലാഹുവിന്റെ നിയതനീതിക്കെതിരാണെന്നും കൂടി പറഞ്ഞു.

‘എന്താ അല്ലാഹുവിന് അതിനുള്ള കഴിവില്ലേ?’ എന്ന ചോദ്യവുമായി എതിർപക്ഷം വാദം തുടർന്നു. മറ്റൊന്നും അവർ പറഞ്ഞില്ല. ചർച്ച എവിടെയുമെത്തിയില്ല. അതവിടെ അവസാനിച്ചു.

ജലാലുദ്ദീൻ സാഹിബിന് തപാലാഫീസിലാണ് ജോലി. നാട്ടിലേക്ക് കത്തയക്കാനും മറ്റുമായി സഹാഫി സാഹിബ് തപാലാഫീസ് സന്ദർശിക്കാറുണ്ട്. ഇന്നത്തെപ്പോലെ മൊബൈൽ ഫോണും മറ്റും അന്നില്ലല്ലോ. അതുകൊണ്ടുതന്നെ തപാലാഫീസിലെത്തുന്നവരുടെ എണ്ണം കൂടുതലുമാണ്. അവിടെയെത്തുന്ന സഹാഫി സാഹിബിന് ജലാലുദ്ദീൻ സാഹിബ് ജമഅത്തിന്റെ നോട്ടീസുകൾ നൽകാറുണ്ടായിരുന്നു. സഹാഫി സാഹിബ് അത് വാങ്ങിക്കൊണ്ടുമിരുന്നു. പക്ഷേ, ഒന്നുംതന്നെ വായിച്ചില്ല. വലിച്ചുകീറി ദൂരെ കളഞ്ഞുകൊണ്ടിരുന്നു. ഇതൊന്നും അറിയാതിരുന്ന ജലാലുദ്ദീൻ സാഹിബ് തപാലാഫീസിൽ വന്ന സഹാഫിയോട് ഒരു ദിവസം പറഞ്ഞു.

“ഞാനൊരു പുസ്തകം തരാം. നിങ്ങളതൊന്ന് വായിച്ചുനോക്കണം.'' സഹാഫി സാഹിബ് അതു വാങ്ങി വീട്ടിൽ കൊണ്ടുപോയി വച്ചു. തിരിഞ്ഞുനോക്കിയില്ല. ഏകദേശം ആറുമാസം കഴിഞ്ഞപ്പോൾ ജലാലുദ്ദീൻ സാഹിബ് തപാലാഫീസിലെത്തിയ സഹാഫി സാഹിബിനോട് ആരാഞ്ഞു.

''പുസ്തകം നിങ്ങൾ വായിച്ചോ?'' സഹാഫി സാഹിബിന്റെ മറുപടി പ്രതീക്ഷിച്ചതുതന്നെ. ‘ഇല്ല’ അദ്ദേഹം പറഞ്ഞു.

‘എങ്കിൽ അത് തിരിച്ചുതരണം.’ ജലാലുദ്ദീൻ സാഹിബ് പറഞ്ഞു.

സഹാഫി സാഹിബ് അത് തിരികെ കൊടുത്തു. പുസ്തകത്തിന്റെ പേരുപോലും നോക്കിയിരുന്നില്ല.

ദിവസങ്ങൾ പിന്നേയും കടന്നുപോയി. ജലാലുദ്ദീൻ സാഹിബ് തന്റെ തബ്ലീഗ് തുടർന്നുകൊണ്ടിരുന്നു. ഒരു ദിവസം തപാലാഫീസിലെ

*(ശേഷം 8-ാം പേജിൽ)*

*(6-ാം പേജിൽനിന്ന്)*

സിച്ച വ്യക്തിയാണ് അദ്ദേഹം. ഇസ്ലാം സ്വീകരിച്ചതിനുശേഷം സ്വന്തം അമ്മാവനിൽ നിന്നും കഠിനയാതനകൾ ഏൽക്കേണ്ടിവന്ന അദ്ദേഹം അത് സഹിക്കവയ്യാതെ രണ്ടുപ്രാവശ്യം സ്ഥലം മാറിപ്പോവുകപോലുമുണ്ടായിട്ടുണ്ട്.

ഇസ്ലാമിന്റെ ആവിർഭാവത്തിനു മുന്നേതന്നെ പരിശുദ്ധ ജീവിതം നയിച്ചുവന്ന വ്യക്തികളിൽ ഒരാളായിരുന്നു ഹദ്റത്ത് ഉസ്മാൻ (റ). ഉസ്മാൻ(റ)ന്റെ കാലത്തും ഇസ്ലാമിക സാമ്രാജ്യത്തിനെതിരെ പുറത്തുനിന്നുള്ള ആക്രമണങ്ങൾ ഉണ്ടായി. റോമക്കാർ ആക്രമണത്തിനു വന്നെങ്കിലും മുസ്ലിം സൈന്യം അവരെ പരാജയപ്പെടുത്തി. അവർ പിന്നീട് കടൽമാർഗ്ഗം ഈജിപ്ത് പിടിച്ചടക്കാൻ ശ്രമിച്ചു. പക്ഷേ, അവിടേയും അവർക്ക് പരാജയം തന്നെ നേരിട്ടു. കടൽമാർഗ്ഗം ആക്രമണം വന്നതോടുകൂടി ഉസ്മാൻ(റ) ഒരു കപ്പൽപടയ്ക്ക് രൂപം നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടത്തിലെ ഒരു വൻചുവടുവയ്പാണിത്. ഈ സമയത്തുതന്നെ ഇറാനിൽ കലാപം തലപൊക്കിയെങ്കിലും അത് അടിച്ചമർത്തി.

12 വർഷത്തെ മൂന്നാം ഖിലാഫത്തിന്റെ ആദ്യപകുതിയിൽ ഇസ്ലാമിക സാമ്രാജ്യം വികസിക്കുകയും ജനങ്ങൾ സമാധാനത്തിലും അഭിവൃദ്ധിയിലും കഴിയുകയും ചെയ്തു. എന്നാൽ, പെട്ടെന്നാണ് കുഴപ്പം തലപൊക്കിയത്. അധികാര ദുർമ്മോഹികളും സമ്പത്ത് മോഹിച്ചവരും ഒത്തുചേർന്ന് ഉണ്ടാക്കിയ കുഴപ്പം ക്രമാതീതമായി വളരുകയായിരുന്നു. ജൂതമതത്തിൽ നിന്നും ഇസ്ലാം സ്വീകരിച്ച അബ്ദുല്ലാഹിബ്നുസാബയാണ് ഖലീഫയ്ക്കും ഭരണകൂടത്തിനുമെതിരായ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത്. ഹദ്റത്ത് അബൂബക്കർ(റ) ക്രോഡീകരിച്ച ഖുർആനെ അടിസ്ഥാനമാക്കി വിശുദ്ധഖുർആന്റെ ആധികാരികമായ ഒരു പതിപ്പ് തയ്യാറാക്കുകയും അത് എല്ലാ പ്രവിശ്യകളിലേക്കും അയച്ചുകൊടുക്കുകയും ചെയ്തു. വിശുദ്ധഖുർആന്റെ സംരക്ഷണത്തിന്നായി ഹദ്റത്ത് ഉസ്മാൻ(റ) ചെയ്ത ഒരു വലിയ സേവനമാണിത്. പക്ഷേ, അതും കുഴപ്പക്കാർ തങ്ങളുടെ അട്ടിമറി പ്രവർത്തനങ്ങൾക്കുള്ള ഒരു കുറിമാനമാക്കുകയാണ് ചെയ്തത്. പണ്ഡിതന്മാരുടെ സഹായത്തോടെ ഈ ആധികാരികപതിപ്പ് തയ്യാറാക്കിയതിനുശേഷം മറ്റു പ്രതികൾ നശിപ്പിച്ചിട്ടുണ്ടായിരുന്നു. കുഴപ്പക്കാർ ഇത് ഖലീഫക്കെതിരെ ജനങ്ങളെ ഇളക്കിവിടാൻ ഉപയോഗിച്ചു. ഇസ്ലാമിന്റെ ജീവനാഡിയും അല്ലാഹു അവതരിപ്പിച്ചതുമായ ഖുർആൻ ചുട്ടുചാമ്പലാക്കി എന്നവർ ആരോപിച്ചു.

ഉസ്മാൻ(റ)നു നേരെ യാതൊരു നീതീകരണവുമില്ലാത്ത ആരോപണങ്ങൾ ശത്രുക്കൾ തൊടുത്തുവിട്ടു. അദ്ദേഹത്തിന്റെ ആത്മാർത്ഥമായ വിശദീകരണങ്ങൾ അവർ ചെവിക്കൊണ്ടില്ല. അദ്ദേഹത്തിന്റെ മൃദുവും ദയാവായ്പോടുമുള്ള പെരുമാറ്റം വിമതരെ കൂടുതലായി വളർത്തി. ഈ സന്നിഗ്ദ്ധഘട്ടത്തിലും മുസ്ലിംകളെ സുരക്ഷിതരായി രക്ഷിക്കാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. അദ്ദേഹം ഏ.ഡി. 656 ജൂണിൽ 82-ാം വയസ്സിൽ വധിക്കപ്പെടുന്നതുവരെ ഖലീഫ സ്ഥാനം വഹിച്ചുപോന്നു. അല്ലാഹുവാണ് തന്നെ സ്ഥാനത്ത് ഇരുത്തിയതെന്നും അതിനാൽ കുഴപ്പക്കാരുടെ ആവശ്യപ്രകാരം സ്ഥാനം ഒഴിയാൻ സാധ്യമല്ലെന്നും അദ്ദേഹം ഉറക്കെ പ്രഖ്യാപിക്കുകയായിരുന്നു.

ഏ.ഡി. 656-ലാണ് ഹദ്റത്ത് അലി(റ) റാശിദാ ഖിലാഫത്തിലെ നാലാമത്തേയും അവസാനത്തേയും ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നത്. അതിനുശേഷം ഖിലാഫത്ത് തുടർന്നെങ്കിലും അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് അകന്നുപോവുകയായിരുന്നു. അലി(റ) ഖലീഫാസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ട അവസരത്തിൽ മദീനയിലെ നിയമസംവിധാനം ആകെ താറുമാറായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം തലസ്ഥാനം മദീനയിൽനിന്നും ഇറാക്കിലെ കൂഫയിലേക്കു മാറ്റി. ഹദ്റത്ത് ഉസ്മാൻ(റ) ന്റെ വധം ഒരുവിഭാഗം ജനങ്ങളെ രോഷാകുലരാക്കിത്തീർത്തിരുന്നു. അദ്ദേഹത്തിന്റെ ഘാതകരെ ഉടൻ കണ്ടുപിടിച്ച് ശിക്ഷിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. നബി (സ) തിരുമേനിയുടെ പ്രമുഖ സഹാബിമാരായ ഹദ്റത്ത് തൽഹ(റ) ഹദ്റത്ത് സുബൈർ(റ) എന്നിവരും ഈ ആവശ്യമുന്നയിച്ചു.

അലി(റ) തന്റെ പ്രാഥമിക പരിഗണന രാജ്യത്ത് സമാധാനം സ്ഥാപിക്കുകയാണെന്ന് പ്രഖ്യാപിച്ചു. രാജ്യത്ത് സമാധാനം പുനഃസ്ഥാപിച്ചാൽ മാത്രമേ ഹദ്റത്ത് ഉസ്മാൻ(റ)ന്റെ ഘാതകരെ പിടികൂടാൻ സാധിക്കുകയുള്ളൂവെന്ന് അദ്ദേഹം ജനങ്ങളെ ഓർമ്മപ്പെടുത്തി.

അലി(റ)ന്റെ ഈ തീരുമാനത്തോട് യോജിക്കാതെ തൽഹ(റ), സുബൈർ(റ) എന്നിവർ ഒരു സേനയെ സജ്ജീകരിച്ചുകൊണ്ട് ബസ്റ ലക്ഷ്യമാക്കി നീങ്ങുകയാണുണ്ടായത്. യഥാർത്ഥ സ്ഥിതി മനസ്സിലാകാതെ ഹദ്റത്ത് ആയിശ(റ.ഹ)യും ഇവരോടൊപ്പം ചേർന്നു. ഒരു ഏറ്റുമുട്ടൽ ഒഴിവാക്കന്നതിനായി അലി(റ) പരമാവധി ശ്രമിച്ചെങ്കിലും അതിനു സാധിച്ചില്ല. അലി (റ)ന്റെ സൈന്യവും ആയിശ(റ.ഹ) യുടെ സൈന്യവും പരസ്പരം ഏറ്റുമുട്ടുകതന്നെ ചെയ്തു.

*(3-ാം പേജിൽ നിന്ന്)*

അസൂയ, ദുർധാരണ, ദുർവിചാരം, മറ്റുള്ളവരിൽ കുറ്റം കണ്ടെത്തൽ, കള്ളം പറയൽ തുടങ്ങിയവ ഇല്ലാതാക്കുന്നതിനുവേണ്ടി ജമാഅത്ത് സംവിധാനവും കീഴ്ഘടകങ്ങളും കർമ്മപരിപാടികളാവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന ഹുസൂർ തിരുമനസ്സിന്റെ ഖുത്ബയെ ആസ്പദമാക്കി വിപുലമായ ചർച്ച നടന്നു. മൗലവി നാസിർ അഹ്മദ് സാഹിബ് നയിച്ച ചർച്ചാവേദിയിൽ മൗലവി അൻസാർ മഹ്ദി സാഹിബ്, മൗലവി നജീബ്ഖാൻ സാഹിബ്, അൻസാറുല്ലാ മേഖലാ ്നാസിം ശാഹുൽ ഹമീദ് സാഹിബ്, കൊച്ചി ജമാഅത്ത് പ്രസിഡന്റ് ജോസഫ് സാദിഖ് സാഹിബ്, എ.എസ്. നൗഷാദ് സാഹിബ്, സി. നാസിറുദ്ദീൻ സാഹിബ്, കരീം സാഹിബ് എന്നിവർ പങ്കെടുത്തു.



വിവിധ ജമാഅത്തുകളിലെ ഖാദിംകൾക്കുപുറമെ അൻസാർ, അത്ഫാൽ സഹോദരന്മാരും യോഗത്തിൽ സജീവമായി പങ്കുകൊണ്ടു.

## തർബിയ്യത്ത് ക്ലാസ്

**കണ്ണൂർ:** കണ്ണൂർ ടൗൺ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ തർബിയ്യത്ത് ക്ലാസ് സംഘടിപ്പിച്ചു. പ്രവചനങ്ങളുടെ ആധികാരികതയെക്കുറിച്ചും അവയുടെ ദൈവദത്തമായ സാംഗ്യത്യത്തെക്കുറിച്ചും മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ക്ലാസ്സെടുത്തു. സുബിൻ അശ്റഫ് ചടങ്ങിൽ അധ്യക്ഷനായിരുന്നു.


# രക്ഷാകർത്തൃദിനയോഗം



**കോഴിക്കോട്:** ജൂൺ 10-ന് ഞായറാഴ്ച മഗ്‌രിബിനു ശേഷം കോഴിക്കോട് ബയ്ത്തുൽ ഖുദ്ദൂസിൽ മാത്തോട്ടം, കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യാ കളുടെ സംയുക്താഭിമുഖ്യത്തിൽ രക്ഷാകർത്തൃദിനം ആചരിച്ചു. അബുൽ വഫാ സാഹിബിന്റെ ഖിറാഅത്തോടെ ആരംഭിച്ച പ്രസ്തുത പരിപാടിയിൽ കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ് അധ്യക്ഷം വഹിച്ചു. മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് കുട്ടികളുടെ ശിക്ഷണത്തെക്കുറിച്ച് ക്ലാസ്സെടുത്തു. കുട്ടി ജനിച്ചു കഴിഞ്ഞാൽ വലതു ചെവിയിൽ ബാങ്ക് കൊടുക്കണമെന്നും, ഇടത് ചെവിയിൽ ഇഖാമത്ത് കൊടുക്കണമെന്നും ഇസ്‌ലാം നിർദ്ദേശിച്ചതിൽ വലിയ യുക്തിയുണ്ട്. കാരണം ഇസ്‌ലാമിന്റെ പൂർണരൂപം ഇതിൽ അടങ്ങിയിരിക്കുന്നു. ഇത്തരത്തിൽ ജീവിതത്തിലുടനീളം കുട്ടികളുടെ കാതിൽ ഖുർആനിക ശിക്ഷണങ്ങൾ കേൾപ്പിക്കുന്നില്ലയോ ആ കുട്ടി വർത്തമാനലോകത്തിലെ വിഷലിപ്തമായ കാര്യങ്ങൾ കേൾക്കുകയും അത് മെമ്മറിയിൽ സൂക്ഷിച്ചുവെക്കുകയും ചെയ്യും. രക്ഷിതാക്കളിൽ നിന്ന് സ്വതന്ത്രരായാൽ ആ കുട്ടി അവന്റെ ചിറകുകളിൽ പറന്ന് സമൂഹത്തിന് ശാപമായി മാറും. അതിനാൽ നാം ചെറുപ്പത്തിൽതന്നെ ശിക്ഷണം കൊടുക്കുന്ന കാര്യത്തിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. ചെറുപ്പത്തിൽതന്നെ നമസ്കാരത്തിന്റെ യഖീൻ കുട്ടികളുടെ ഹൃദയത്തിൽ ഇട്ടുകൊടുക്കണം. ഖിലാഫത്തിന്റെ ശീതളഛായ കുട്ടികൾ അനുഭവിക്കണമെങ്കിൽ ഖിലാഫത്തുമായി ഒട്ടിച്ചേർന്നു നിൽക്കുന്നവരായി നാം കുട്ടികളെ വളർത്തണം. സാമ്പത്തികത്യാഗത്തിന്റെ ബാലപാഠങ്ങൾ കുട്ടികൾക്ക് ചെറുപ്പത്തിൽ തന്നെ ശീലമാക്കണം. നാം നമ്മുടെ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ, സാമ്പത്തികബുദ്ധിമുട്ടുകൾ കൊണ്ട് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട ഒരുപറ്റം കുട്ടികൾ ലോകത്തുണ്ടെന്ന് കുട്ടികളെ ബോധ്യപ്പെടുത്തുകയും, ഇത്തരം കുട്ടികൾക്കായി ഖിലാഫത്ത് ആഹ്വാനം ചെയ്ത ഫണ്ടിലേക്ക് സംഭാവനകൾ കുട്ടികൾവശം കൊടുത്തയക്കുന്നതിലും നാം ബദ്ധശ്രദ്ധരായിരിക്കണം. രക്ഷാകർത്തൃദിനത്തിൽ ക്ലാസ്സെടുത്തു സംസാരിക്കവെ അദ്ദേഹം പറഞ്ഞു. ജനാബ് ഈസക്കോയ സാഹിബ് കാരിയർ പ്ലാനിങ്ങിനെ കുറിച്ചും, ടൈം മാനേജ്മെന്റിനെ കുറിച്ചും ക്ലാസ്സെടുത്തു. വളരെ വിജ്ഞാനപ്രദമായ തന്റെ പ്രഭാഷണത്തിൽ കുട്ടികൾ അവരുടെ കാരിയർ എങ്ങനെ നിർണ്ണയിക്കണമെന്നും, സമയം എങ്ങനെ വിനിയോഗിക്കണമെന്നും ശാസ്ത്രീയമായി വിവരിച്ചു. നർമ്മം കലർന്ന തന്റെ സ്ഥിരം ശൈലിയിലൂടെ അത് ഹൃദിസ്ഥമാക്കുന്നതിന് രക്ഷിതാക്കളേയും, കുട്ടികളേയും സഹായിച്ചു. പ്രസ്തുത പരിപാടിയിൽ ഡോ. സലാഹുദ്ദീൻ സാഹിബ്, സത്യദൂതൻ പത്രാധിപർ എ.എം. സലീം സാഹിബ്, എസ്. മുഹമ്മദ് സലിം സാഹിബ്, മൗലവി അയ്യൂബ് സാഹിബ്, മാത്തോട്ടം കോഴിക്കോട് ഖാഇദുമാർ തുടങ്ങിയവർ പങ്കെടുത്തു. ഫഹിം, റാഷിദ് എന്നിവർ നസം കേൾപ്പിച്ചു.


**SHAN SURGICALS**

Arimbrathodoyil Building
Near K.M.M. U P School
Jubilee Road, Perinthalmanna
Mob: 9847530924



Distributors of Operation Theatre Equipments, Surgical Instruments and Furniture.

Specialised in centralised Medical Gas/Vaccum/Air Pipeline Systems
Undertaking all Hospital and Biomedical Equipments sales and servicing


(7-ാം പേജിൽനിന്ന്)

ത്തിയ സഖാഫി സാഹിബിന് അദ്ദേഹം ഒരു കേസറ്റ് നൽകി. അത് കേൾക്കാന പേക്ഷിച്ചു. കാക്കനാട് അബ്ദുർറഹ്മാൻ സാഹിബിന്റെ ശബ്ദമാണ് അതിൽ. വിഷയം 'ദജ്ജാൽ'. കേസറ്റ് തിരികെ കൊടുത്തു. അപ്പോൾ ജലാലുദ്ദീൻ സാഹിബ് ചോദിച്ചു.

''എങ്ങനെയുണ്ട്? വല്ലതും മനസ്സിലായോ?"

വളരെ നന്നായിട്ടുണ്ട്. സഖാഫി സാഹിബിന്റെ മറുപടി. ഒപ്പം കൂടുതൽ അറിയാനുള്ള ആഗ്രഹവും പ്രകടിപ്പിച്ചു.

"ഞാൻ നേരത്തെ തന്ന പുസ്തകത്തിൽ കൂടുതൽ കാര്യങ്ങളുണ്ട്." ജലാലുദ്ദീൻ സാഹിബ് പറഞ്ഞു.

"എങ്കിൽ അതൊരിക്കൽ കൂടി തരണം" സഖാഫി സാഹിബ് ആവശ്യപ്പെട്ടു. സന്മാർഗ്ഗദർശിനി എന്ന പുസ്തകമായിരുന്നു അത്. അതുവായിച്ചതോടെ കൂടുതൽ വായിക്കാൻ ആഗ്രഹം വന്നു. അതോടെ ജലാലുദ്ദീൻ സാഹിബിനെ രഹസ്യമായി സന്ദർശിക്കാനും പലതും ചർച്ച ചെയ്യാനും തുടങ്ങി. തുടർന്ന് പല ഗ്രന്ഥങ്ങളും ലഭ്യമായി. പ്രവാചകത്വം ഖുർആനിൽ, അന്നബുവ്വത്തുഫിൽ ഇസ്‌ലാം അങ്ങനെ പലതും. ഇതൊക്കെ സഹഅധ്യാപകനെ കാണിക്കാതെ റൂമിൽ കൊണ്ടുപോയി വായിച്ചു. ഒടുവിൽ ജലാലുദ്ദീൻ സാഹിബിനോട് സഖാഫി സാഹിബ് പറഞ്ഞു.

''സത്യം എനിക്ക് ബോധ്യപ്പെട്ടു. അത് മനസ്സിൽ സൂക്ഷിച്ചാൽ പോരെ..." ദിവസങ്ങൾ കടന്നുപോയി. ഒടുവിൽ പരസ്യമായിത്തന്നെ ജമാഅത്തിൽ ചേരാൻ തീരുമാനിച്ചു. പക്ഷേ, ഭയം മനസ്സിനെ ആകുലപ്പെടുത്തി. അദ്ദേഹം സ്രഷ്ടാവിന്റെ മുന്നിൽ കുനിഞ്ഞു. തഹജ്ജുദ് നമസ്കരിച്ചു. ദുആ ചെയ്തുകൊണ്ടിരുന്നു. അന്നുമുതലാണ് തഹജ്ജുദ് നമസ്കാരം തുടങ്ങിയത്. അതോടെ മനസ്സിന് ധൈര്യവും കിട്ടി.

തുടർന്ന് മിനിക്കോയ് ദ്വീപിൽനിന്നും കേരളത്തിലെത്തി. 1996 മെയ് 5-ന് കോഴിക്കോട്ടെത്തി ബയ്അത്ത് ചെയ്തു. ഭാര്യയെ പോലും അറിയിക്കാതെ മൂന്നുമാസത്തോളം മനസ്സിൽ അത് കൊണ്ടുനടന്നു. ഈ കാലയളവിൽ വിവിധ ജമാഅത്തുകളിൽ സന്ദർശനം നടത്തി. രണ്ടു മാസത്തോളം പഴയങ്ങാടിയിൽ താമസിച്ചു. അവിടെനിന്നും ഖാദിയാനിൽ പോകാൻ തീരുമാനമെടുത്തു. 1996 ആഗസ്റ്റിലാണ് ഖാദിയാനിലേക്ക് തിരിച്ചത്. അതിനുമുമ്പേ എൻ. അബ്ദുർ റഹീം സാഹിബിനെ കാണാൻ കണ്ണൂരിലെത്തി. അഹ്മദിയാകാനുണ്ടായ സാഹചര്യം സത്യദൂതനിൽ പ്രസിദ്ധീകരിക്കാനായി എഴുതിക്കൊടുക്കാൻ റഹീംസാഹിബ് പറഞ്ഞു. സഖാഫി സാഹിബ് അതു നൽകി. 1996 സെപ്തംബറിലെ സത്യദൂതനിലതുവന്നു. അതോടെ കേരളം മുഴുക്കെ അതൊരു ചർച്ചാവിഷയമായി.

സഖാഫിയുടെ ജമാഅത്തിലേക്കുള്ള പ്രവേശനം ഇ.കെ സുന്നികൾ കാന്തപുരം വിഭാഗത്തിന്നെതിരായുള്ള ഒരു ആയുധമാക്കി. ഒരു സഖാഫി ബിരുദധാരി 'ഖാദിയാനി'യായപ്പോൾ കാന്തപുരം വിഭാഗത്തിനതു സഹിച്ചില്ല. ഉടനെ ഭാര്യയുടെ വീട്ടിൽ പള്ളിക്കമ്മറ്റിക്കാരെത്തി. അവർ ഭാര്യയോട് പറഞ്ഞു.

"നിങ്ങളുടെ ഭർത്താവ് കാഫിറായിപ്പോയി. ഇപ്പോഴവൻ ഖാദിയാനിലാണ്. അവനെ തിരിച്ചുവിളിച്ച് നേർവഴിയിൽ എത്തിക്കണം."

അതോടെ വീട്ടുകാരും സംഭവമറിഞ്ഞു. ഇതിനിടയിൽ ഭാര്യാപിതാവ് ഒരപകടത്തിൽപെട്ടു. അദ്ദേഹത്തെ പെരിന്തൽമണ്ണയിലെ അൽശിഫാ ആശുപത്രിയിലാക്കി. ഉടനെ വന്നുകാണാൻ സഖാഫിക്ക് വിവരം നൽകി. അപ്പോഴേക്കും റമസാൻ മാസമായിക്കഴിഞ്ഞിരുന്നു. അവധിയെടുത്ത് നാട്ടിലെത്തി. നേരെ മണ്ണാർക്കാട് ജമാഅത്തിലെത്തി. അവിടെനിന്നും എം.കെ. അബ്ദുൽ അസീസ് സാഹിബിനൊപ്പം ആശുപത്രിയിലെത്തി. ഭാര്യാപിതാവിനെ കണ്ടു. അപ്പോഴവിടെ ഭാര്യയും ഉമ്മയും ഉണ്ടായിരുന്നു. അവർ സഖാഫി സാഹിബിനെ വീട്ടിലേക്കു ക്ഷണിച്ചു. അദ്ദേഹം രാത്രി തങ്ങാനായി അവിടെയെത്തി. അവിടെ ഉറങ്ങാൻകിടന്നു.

സമയം രാത്രി 11 മണി. വീട്ടിൽ ഒരാൾ വന്നു ഉമ്മയെ വിളിച്ചു. അയാൾ ചോദിച്ചു. 'ഹിദായത്തുല്ല ഇവിടെയുണ്ടോ? ഒന്നുവിളിക്ക് ചിലത് പറയാനുണ്ട്' വിവരം അറിഞ്ഞ സഖാഫി സാഹിബ് പുറത്തുവന്നു. കാര്യം തിരക്കി. ആഗതൻ കാര്യം പറഞ്ഞുതുടങ്ങി. "പള്ളിക്കമ്മറ്റിക്കാർ എന്നോടൊപ്പം വന്നിട്ടുണ്ട്. അവർക്ക് നിങ്ങളോട് ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്. അതിനുള്ള അവസരം കൊടുക്കണം."

സഖാഫി സാഹിബ് സമ്മതിച്ചു. വീട്ടിൽ അന്ന് കറണ്ടുണ്ടായിരുന്നില്ല. മൗലവി ഉൾപ്പെടെ 25 പേർ എത്തിയിരുന്നു. അവർ സംസാരിച്ചു തുടങ്ങി. മൗലവിയാണ് ആരംഭിച്ചത്. "നീ ഖാദിയാനിയായി അല്ലേ? നീ കാഫിറായി. ഇതൊരു മുസ്‌ലിം മഹല്ലാണ്. മുസ്‌ലിം വീടുകളാണ് ഇവിടെയുള്ളത്. അതിനാൽ ഒന്നുകിൽ നീ ഞങ്ങൾ പറയുന്നത് കേൾക്കുക. അല്ലെങ്കിൽ ഉടൻ സ്ഥലം വിടുക."

സഖാഫി സാഹിബ് സാവകാശം മറുപടി പറഞ്ഞു. "ഞാൻ കാഫിറല്ല. എന്റെ കലിമ 'ലാഇലാഹഇല്ലല്ലാഹു...'എന്നതു തന്നെയാണ്. നമ്മൾ തമ്മിൽ ആശയപരമായി ചില വ്യതിയാനങ്ങളുണ്ടെന്നത് ശരിതന്നെ. ഞാൻ പോയ്ക്കൊള്ളാം."

അതോടെ ഭാര്യയും ഉമ്മയും കരയാൻ തുടങ്ങി. ആഗതർ പറഞ്ഞു. "കാഫിറല്ല എന്ന കാര്യം നാളത്തെ പത്രത്തിൽ കൊടുക്കണം. മേഖലാ ഖാളിയുടെ മുന്നിൽ ഇസ്‌ലാം സ്വീകരിക്കണം. നിക്കാഹ് രണ്ടാമതൊരിക്കൽകൂടി ചെയ്യണം."

അവർ ഭാര്യാസഹോദരനേയും കൂട്ടി സ്ഥലംവിട്ടു. ആശുപത്രിയിലുള്ള പിതാവിൽനിന്നും വക്കാലത്ത് വാങ്ങാനാണ് അവർ അവനെ കൊണ്ടുപോയത്. രാത്രി 2 മണിക്ക് ഭാര്യാസഹോദരൻ വീട്ടിൽ തിരിച്ചെത്തി. സഖാഫി സാഹിബ് രാത്രിയുടെ അന്ത്യയാമങ്ങളിൽ അല്ലാഹുവിന്റെ സന്നിധിയിൽ ദുആ ചെയ്തു.

നേരം വെളുത്തു. തൗബ ചെയ്യിക്കാനുള്ള നടപടികളാരംഭിച്ചു. ആദ്യം കലിമ ചൊല്ലാനാവശ്യപ്പെട്ടു. അദ്ദേഹം അത് ചെയ്തു. ഭയലേശമന്യെ കലിമയിൽ മാറ്റമൊന്നുമില്ലായെന്നത് പാമരജനങ്ങൾക്കറിയില്ലല്ലോ? പ്രസ്താവന എഴുതിക്കലായി അടുത്ത ശ്രമം. അവർ വാചകങ്ങൾ പറഞ്ഞുകൊടുത്തു. "ഖാദിയാനി പ്രസ്ഥാനവുമായി യാതൊരു ബന്ധവുമില്ല. ഇസ്‌ലാമിനെതിരായി ഒന്നും പ്രവർത്തിക്കില്ല. ഇനിയുള്ള കാലം മുസ്‌ലിമായി ജീവിക്കും." സഖാഫി സാഹിബ് എഴുതി ഒപ്പിട്ടുനൽകി.

അദ്ദേഹം അല്ലാഹുവിന് നന്ദി പറഞ്ഞു. തെറ്റായി ഒന്നും എഴുതേണ്ടിവന്നില്ലല്ലോ. ഖാദിയാനി പ്രസ്ഥാനം എന്നൊന്നില്ല. അഹ്മദിയ്യാ പ്രസ്ഥാനമേയുള്ളൂ. ഇസ്‌ലാമിന്നെതിരായി ഒന്നും പ്രവർത്തിക്കില്ലായെന്നതും മുസ്‌ലിമായി ജീവിക്കുമെന്നുള്ളതും തന്റെ തന്നെ ആശയമാണ്. അദ്ദേഹം ആശ്വസിച്ചു. തുടർന്ന് 50 രൂപ മഹർ നിശ്ചയിച്ച് നിക്കാഹും നടത്തി.

അവിടെനിന്നും രക്ഷപ്പെടാൻ വേണ്ടി രാത്രി മുഴുവൻ ദുആ ചെയ്തുകൊണ്ടിരുന്നു. പിറ്റേന്ന് രാവിലെ ഭാര്യാപിതാവിനുള്ള ഭക്ഷണവുമായി ആശുപത്രിയിലെത്തി. രാത്രി നടന്ന സംഭവങ്ങൾ പറഞ്ഞു. തുടർന്ന് സഖാഫി തന്റെ തീരുമാനം അറിയിച്ചു. "ഞാൻ തിരിച്ചുപോകും. എന്റെ വിശ്വാസം ഉപേക്ഷിക്കാൻ ഒരിക്കലും തയ്യാറല്ല. മകളെ അയച്ചാൽ കൂടെ കൊണ്ടുപോകാം."

തുടർന്ന് മണ്ണാർക്കാട് പള്ളിയിലെത്തി. അവിടെനിന്നും മൗലവി മഹ്മൂദ ഹ്മദ് സാഹിബ്, ബൈത്തുൽ മാൽ ഇൻസ്പെക്ടർ നാസിർ സാഹിബ് എന്നിവരോടൊത്ത് ചേലക്കരയിലെത്തി. ഇതിനിടയിൽ ഭാര്യയും ഉമ്മയും അളിയനും മണ്ണാർക്കാടെത്തി, സഖാഫി സാഹിബിനെ തിരിച്ചുവിളിക്കാൻ. വിവരം ചേലക്കരയിലെത്തി. അദ്ദേഹം തിരിച്ചു ഭാര്യാവീട്ടിലെത്തി. അന്നു രാത്രി അവിടെ തങ്ങി. രാവിലെ സുബ്ഹി നമസ്കാരവും കഴിഞ്ഞ് ചേലക്കരയിലേക്കുതന്നെ തിരിച്ചു. അവിടെ രണ്ടുദിവസം തങ്ങി. ഖാദിയാനിലേക്കുതന്നെ തിരിച്ചുപോയി.

അടുത്ത അവധിക്ക് നാട്ടിൽവന്നു. കൊടിയത്തൂരിലാണ് താമസിച്ചത്. ഭാര്യ സഖാഫിയോടൊപ്പം ചേരാൻ അവിടെയെത്തി. അവധികഴിഞ്ഞ് ഭാര്യയേയുംകൂട്ടി ഖാദിയാനിലെത്തി. രണ്ടുവർഷത്തെ കോഴ്സ് പൂർത്തിയാക്കി ആദ്യനിയമനം ആന്ധ്രയിൽ. ഒന്നരവർഷത്തിനു ശേഷം ലക്ഷദ്വീപിലെത്തി. കൽപേനി ജമാഅത്തിൽ സേവനമനുഷ്ഠിച്ചു.

അവിടെനിന്നും കിൽത്താൻദ്വീപിൽ കുടുംബത്തിലേക്കുപോയി. അവിടെയെത്തിയപ്പോഴാണ് പള്ളി വിലക്കും മറ്റുമുള്ളതറിയുന്നത്. ളുഹർ നമസ്കരിക്കാൻ തൊട്ടടുത്ത പള്ളിയിലെത്തി. ഒരുഭാഗത്ത് നിന്നു നമസ്കരിച്ചു. അവിടെ ആകെ ബഹളമായി. പക്ഷേ, സഖാഫി സാഹിബ് നമസ്കാരം തുടർന്നു. നമസ്കാരം കഴിഞ്ഞപ്പോൾ ആരുമില്ല. എല്ലാവരും ബഹളം കൂട്ടി പോയിക്കഴിഞ്ഞിരുന്നു. തുടർന്ന് പള്ളി മുതവല്ലിയുടെ വീട്ടിലെത്തി കാര്യം പറഞ്ഞു. 'ഞാൻ ഇബാദത്തിനായി പോയതാണ്. മറ്റൊന്നിനുമല്ല.' മുതവല്ലി മറുപടി നൽകി. 'എനിക്ക് വിരോധമില്ല. മറ്റുള്ളവർ സമ്മതിക്കേണ്ടേ.' പിന്നീട് നമസ്കാരം വീട്ടിലാക്കി. രണ്ടുദിവസം കഴിഞ്ഞപ്പോൾ സഖാഫി സാഹിബ് അയൽവീടുകളിൽ സൗഹൃദസന്ദർശനത്തിനെത്തി. പക്ഷേ, ആരും ഒന്നും സംസാരിക്കുന്നില്ല. അപ്പോഴാണറിഞ്ഞത് പള്ളിക്കമ്മറ്റിക്കാർ ജനങ്ങളെ വിലക്കിയിരിക്കുന്നത്.

2003-ൽ കൊടിയത്തൂരിലെത്തി. ഇപ്പോൾ മുറിയക്കണ്ണിജമാഅത്തിൽ പ്രവർത്തിച്ചുവരുന്നു. കോഴിക്കോട് ഒരു തബ്‌ലീഗ് യോഗത്തിനിടെ ജനം സ്റ്റേജിൽ കയറിയതും ഖാദിമീങ്ങൾ രക്ഷപ്പെടുത്തിയതും സഖാഫി സാഹിബ് ഇന്നും സ്മരിക്കുന്നു.

Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.